# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.5)1457/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 12/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.5)1457/2023 തീയ്യതി: 12/12/2023

# എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 16-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-09-2023 | 16-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീ.പോളി.ടി.ഒ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
2) ശ്രീമതി.ബിന്ദു സദാനന്ദൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3) ശ്രീമതി.കവിത.എസ്.കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
4) ശ്രീമതി.വൃന്ദ.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

5) ശ്രീമതി.ബെറ്റ്സി.സി.എക്സ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രാജി സന്തോഷ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.മഹേഷ് കുമാർ.പി.കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിജയ ലക്ഷ്മി.പി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ജിജി മൻസിൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.ഹന്നത്ത്.എം | മെഡിക്കൽ ഓഫീസർ, അലോപ്പതി | 01-04-2022 | 31-03-2023 |
| ഡോ.മീര ബെൻ വക്കച്ചൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| സിന്ധു.പി.പി | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |
| പ്രനീത.വി.ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| അരുൺ പോൾ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ആശ.ടി | ഹെഡ്മിസ്ട്രസ്, എസ്.പി.ഡബ്ലിയു.എൽ.പി.സ്കൂൾ | 01-04-2022 | 31-03-2023 |
| ഡോ.ജാസ്മിൻ മുഹമ്മദ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 21-06-2022 |
| ഡോ.വിനു ജോർജ്ജ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 22-06-2022 | 31-03-2023 |
| പ്രതീഷ് കുമാർ | വി.ഇ.ഓ, എസ്.എൻ പുരം | 01-04-2022 | 19-04-2022 |
| ഒഴിവ് | വി.ഇ.ഓ, എസ്.എൻ പുരം | 20-04-2022 | 26-04-2022 |
| പെപ്സി ജോസഫ് | വി.ഇ.ഓ, എസ്.എൻ പുരം | 27-04-2022 | 11-09-2022 |
| ഒഴിവ് | വി.ഇ.ഓ, എസ്.എൻ പുരം | 12-09-2022 | 30-09-2022 |
| റിബു വർഗ്ഗീസ് | വി.ഇ.ഓ, എസ്.എൻ പുരം | 01-10-2022 | 31-03-2023 |

| | | | |
|---|---|---|---|
| ബിന്ദു നടുവിലത്ത് | വി.ഇ.ഓ,ചൂർണ്ണിക്കര | 01-04-2022 | 07-05-2022 |
| പെപ്സി ജോസഫ് | വി.ഇ.ഓ ചൂർണ്ണിക്കര | 08-05-2022 | 11-09-2022 |
| ബോബി.എം.ജി | വി.ഇ.ഓ,ചൂർണ്ണിക്കര | 12-09-2022 | 31-03-2023 |
| വിനില.സി.വി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 27-04-2022 |
| വിനീത.കെ.ജി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 28-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലെ ബാലൻസ് തുകയല്ല ഈ വർഷത്തെ പഞ്ചായത്ത് ഫണ്ടായി ബാലൻസ് ഷീറ്റിൽ വരുന്നത് | 1-1-1 |
| 3 | വ്യത്യസ്ത ബാങ്ക് ബുക്കുകൾക്ക് ഒരേ അക്കൗണ്ട് ഹെഡ് നൽകുന്നത് | 1-1-2 |
| 4 | ബാലൻസ് ഷീറ്റ് പ്രകാരം ലഭിക്കാനുള്ള നികുതി കുടിശികയും അതത് രജിസ്റ്ററുകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. | 1-1-4 |
| 6 | അഡ്വാൻസ് നൽകിയ തുകകൾ ചെലവായി കാണിച്ചിരിക്കുന്നു. | 1-1-5 |
| 7 | സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം അടവാക്കിയ തുക പൂർണ്ണമായും അക്കൗണ്ട്സിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ആംബുലൻസ് വാടക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | തനതു വരുമാനം - അവലോകനം | 1-11 |
| 19 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല- | 1-12 |
| 20 | തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു | 1-13 |
| 21 | മൊബൈൽ ടവർ - വസ്തുനികുതി ഈടാക്കേണ്ടതാണ്. | 1-14 |
| 22 | ലൈസൻസ് - അപാകതകൾ | 1-15 |
| 23 | ഉപയോഗക്രമം മാറ്റി വസ്തുനികുതി ഈടാക്കി- | 1-16 |
| 24 | പലിശയില്ലാതെ ബാങ്കിലെ നീക്കിയിരുപ്പ് - പലിശ നഷ്ടം | 1-17 |
| 25 | കമ്പ്യൂട്ടറുകൾ ലഭ്യമായില്ല – തുക തടസ്സപ്പെടുത്തുന്നു | 1-18 |
| 26 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം | 1-19 |
| 27 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- കെ.എസ്.ഇ.ബി | 1-20 |

| | | |
|---|---|---|
| 28 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല (വാട്ടർ അതോറിറ്റി) | 1-20-1 |
| 29 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-എസ്.എസ്.എ | 1-21 |
| 30 | നിക്ഷേപ പ്രവൃത്തിക്ക് ജി.എസ്.ടി, സെന്റേജ് ചാർജ് എന്നിവ നൽകിയതിലെ അപാകതകൾ | 1-22 |
| 31 | തെരുവുവിളക്കുകൾ സ്ഥാപിക്കൽ-അപാകതകൾ | 1-23 |
| 32 | മരുന്ന് പൂർണമായി ലഭ്യമായില്ല-തുക തടസ്സപ്പെടുത്തുന്നു. | 1-24 |
| 33 | പി.എച്ച്.സി.യിലേക്ക് മരുന്നു പൂർണ്ണമായി ലഭിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 34 | പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-26 |
| 35 | മഴക്കാലപൂർവ്വശുചീകരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല -ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 36 | പഞ്ചായത്ത് സ്ഥലത്ത് സ്വകാര്യ വ്യക്തിക്കായി വീട് വെച്ച് നൽകുന്നു. | 1-28 |
| 37 | അമ്പാട്ടുകാവ് തുരങ്കപാത- നാളിതുവരെയായിട്ടും നിർമ്മാണം നടന്നില്ല. | 1-29 |
| 38 | സംരക്ഷണഭിത്തി നിർമ്മാണം - പൊളിച്ചെടുത്ത കല്ലിന്റെ വിനിയോഗവിവരം ഉൾപ്പെടുത്തിയിട്ടില്ല. | 1-30 |
| 39 | റോഡ് പ്രവൃത്തികളിൽ നെയിം ബോർഡ് സ്ഥാപിക്കുന്നത്. | 1-31 |
| 40 | ടാറിംഗ് റോഡ് റീടാറിംഗ് ചെയ്യാതെ ടാറിംഗ് പൊളിച്ച് മാറ്റി കോൺക്രീറ്റിംഗ് ബ്രിക്സ് വിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല. | 1-32 |
| 41 | അധികം കമ്പി ഉപയോഗിച്ചത് അംഗീകരിക്കുന്നില്ല. എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്തിട്ടില്ല. | 1-33 |
| 42 | റോഡ് ഫില്ലിംഗ് ആവശ്യകത വ്യക്തമല്ല. | 1-34 |
| 43 | ഓഡിറ്റ് ഇംപാക്ട് | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 12.07.2023 ലെ (3) -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29.07.2023-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട്ടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി:12.12.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ഇൻകം & എക്സ്പെന്റിചർ അക്കൗണ്ടിലെ ബാലൻസ് തുകയല്ല ഈ വർഷത്തെ പഞ്ചായത്ത് ഫണ്ടായി ബാലൻസ് ഷീറ്റിൽ വരുന്നത്

ഇംകം & ഏക്സ്പെന്റിചർ അക്കൗണ്ടിലെ ബാലൻസ് തുകയല്ല ഈ വർഷത്തെ പഞ്ചായത്ത് ഫണ്ടായി ബാലൻസ് ഷീറ്റിൽ വരുന്നത്. ആയതിനാൽ പഞ്ചായത്ത് ഫണ്ട് തുക എപ്രകാരം ലഭ്യമായി എന്ന്

വ്യക്തമല്ല.

1-1-2 വ്യത്യസ്ത ബാങ്ക് ബുക്കുകൾക്ക് ഒരേ അക്കൗണ്ട് ഹെഡ് നൽകുന്നത്

2. വ്യത്യസ്ത ബാങ്ക് ബുക്കുകൾക്ക് ഒരേ അക്കൗണ്ട് ഹെഡ് നൽകിയിട്ടുള്ളതിനാൽ ട്രയൽ ബാലൻസിൽ പല ബാങ്ക് ബുക്കുകളുടേയും തുകകൾ ഒരുമിച്ചാണ് വരുന്നത്. ആയതിനാൽ ഓരോ ബാങ്ക് ബുക്കിന്റേയും ക്ലോസ്സിംഗ് ബാലൻസാണോ അടുത്ത വർഷം ഓപ്പണിംഗ് ബാലൻസായി എടുത്തിരിക്കുന്നത് എന്ന് പരിശോധിക്കാനാകുന്നില്ല.

1-1-3 ബാലൻസ് ഷീറ്റ് പ്രകാരം ലഭിക്കാനുള്ള നികുതി കുടിശികയും അതത് രജിസ്റ്ററുകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് പ്രകാരം ലഭിക്കാനുള്ള നികുതി കുടിശികയും അതത് രജിസ്റ്ററുകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് പ്രകാരം ലഭിക്കാനുള്ള നികുതിയുടെ കൃത്യത വ്യക്തമല്ല

1-1-4 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ഡെപ്പോസിറ്റ് തുകയുടെ കൃത്യത വ്യക്തമല്ല

1-1-5 അഡ്വാൻസ് നൽകിയ തുകകൾ ചെലവായി കാണിച്ചിരിക്കുന്നു.

അഡ്വാൻസ് നൽകിയ തുകകൾ ചെലവായി കാണിച്ചിരിക്കുന്നു. ആയതിനാൽ ഈ കണക്കുകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല. മരാമത്ത് പ്രവൃത്തിക്കായി റെയിൽവേയ്ക്ക് നല്കിയ മുൻകൂർ തുകകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല. ഒരു കോടിയിൽ അധികം തുകയാണ് 2007 മുതൽ മരാമത്ത് പ്രവൃത്തിക്കായി റെയിൽവേയ്ക്ക് മുൻകൂർ നൽകിയിട്ടുള്ളത്.

1-1-6 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം അടവാക്കിയ തുക പൂർണ്ണമായും അക്കൗണ്ട്സിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല

സ്ട്രീറ്റ് ടാപ്പിന്റെ വെള്ളക്കരം ഇനത്തിൽ ₹ 17,32,714/- ഓഡിറ്റ് വർഷം അടവാക്കിയിട്ടുണ്ടെങ്കിലും Operations And Maintenance (P) : I – 12 ഷെഡ്യൂളിൽ 230110101 Water Charge For KWA Street Tap എന്ന ശീർഷകത്തിൽ ചെലവായി കാണിച്ചിരിക്കുന്നത് ₹16,26,052/- മാത്രമാണ്.

1-1-7 ആബുലൻസ് വാടക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി.

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള ആംബുലൻസിന് തൻ വർഷം ലഭിച്ച ₹11,800/- വാടകയിൽ ₹11,500/- 150400101 Hire Charge Of Ambulance എന്ന ശീർഷകത്തിലും ₹300/- തെറ്റായി 150400102 Hire Charge Of Boat എന്ന ശീർഷകത്തിലും ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.

1-2 ബജറ്റ്

ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള കരട് ബജറ്റ് എസ്റ്റിമേറ്റ് 04.03.2022 ലെ 2-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. ആയത് 16.03.2023ലെ 1/1 -ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്.

| | ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 2 തീയതി 04.03.2022) | റസീപ്റ്റ് & പേയ്മെന്റ് പ്രാകരമുള്ള വരവ് – ചെലവ് കണക്ക് | വ്യത്യാസം |
|---|---|---|---|
| മുന്നിരുപ്പ് | ₹3,92,34,185.00 | ₹4,87,42,306.00 | (-)₹9508121.00 |
| വരവ് | ₹24,59,64,821.00 | ₹6,68,45,457.00 | (-)₹179119364.00 |
| ആകെ | ₹28,51,99,006.00 | ₹11,55,87,763.00 | (-)₹169611243.00 |
| ചെലവ് | ₹27,94,74,460.00 | ₹6,01,13,125.00 | (-)₹219361335.00 |
| നീക്കിയിരുപ്പ് | ₹57,24,546.00 | ₹5,54,74,638.00 | (-)₹49750092.00 |

എൻ.ആർ.ഇ.ജി.എസ് പദ്ധതിക്കായും ക്ഷേമപെൻഷൻകാർക്കായും വിവിധ ഗ്രാന്റിനങ്ങളിലായും ലഭ്യമായ തുകകൾ വാർഷിക പത്രികയിൽ ഉൾപ്പെടുത്തിയാലും ബജറ്റും വാർഷിക ധനകാര്യ പത്രികയും തമ്മിൽ അന്തരമുണ്ട്. ബജറ്റ് യഥാർത്ഥ്യബോധത്തോടെ ധനകാര്യ പത്രികയുമായി അന്തരമില്ലാതെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹4,87,42,306.00 |
| വരവ് | ₹6,68,45,457.00 |
| ആകെ | ₹11,55,87,763.00 |
| ചെലവ് | ₹6,01,13,125.00 |
| നീക്കിയിരിപ്പ് | ₹5,54,74,638.00 |

റസീപ്റ്റ് & പേയ്മെന്റ് അടിസ്ഥാനപ്പെടുത്തിയുള്ള വിവരങ്ങളാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാന്റ് വരവിനങ്ങൾ ഉൾപ്പെടെയുള്ള മറ്റ് തുകകൾ തുടർന്നുള്ള ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (അലോട്ട് മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 1,51,23,569 | 1,51,23,569 | 151,23,569 | 0 | 0 |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 48,09,860 | 48,09,860 | 48,09,860 | 0 | 0 |
| വികസനഫണ്ട് -ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 1,01,16,000 | 1,01,16,000 | 85,67,778 | 15,48,222 | 0 |
| സംരക്ഷണ ഗ്രാന്റ്-നോൺറോഡ് | 0 | 51,50,000 | 51,50,000 | 37,77,439 | 13,72,561 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Basic ട്രഷറി | 0 | 7,47,831 | 7,47,831 | 5,35,215 | 2,12,616 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Basic ബാങ്ക് | -41,041 | 32,61,914 | 32,20,873 | 24,84,744 | - | 7,36,129 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-tied -ട്രഷറി | 0 | 56,977 | 56,977 | 56,977 | - | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied(ബാങ്ക്) | 19,14,115 | 45,84,000 | 64,98,115 | 37,15,189 | - | 27,82,926 |
| ഹെൽത്ത് ഗ്രാന്റ്- | 0 | 1,37,329 | 1,37,329 | 1,05,076 | | 32,253 |

| | | | | | | |
|---|---|---|---|---|---|---|
| 320100204 | | | | | | |
| ഹെൽത്ത് ഗ്രാന്റ്-320100202 | 0 | 2,66,874 | 2,66,874 | 1,33,263 | - | 1,33,611 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-320300103 -TSC | 15,00,246 | 0 | 15,00,246 | 0 | - | 15,00,246 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-അങ്കണവാടി പൂരക പോഷകാഹാരം-320100196 | 0 | 16,78,864 | 16,78,864 | 8,87,034 | - | 7,91,830 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-320100181-sanitation | 1,84,528 | 4,725 | 1,89,253 | 0 | - | 1,89,253 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-320400199 -PBIG | 17,04,300 | 0 | 17,04,300 | 0 | | 17,04,300 |
| സാക്ഷരത-320100197 | 32,569 | 407 | 32,976 | 0 | - | 32,976 |
| 320300199-വിമുക്തി, അഗതി കേരളം | 10,84,506 | 0 | 10,84,506 | 0 | - | 10,84,506 |
| 320200322-ശുചിത്വ മിഷൻ | 10,881 | 1,80,000 | 1,90,881 | 1,80,000 | - | 10,881 |
| 320900102-Donations For Epidemic Control | 0 | 4,43,620 | 4,43,620 | 4,35,515 | - | 8,105 |
| 320200305- Grand Drinking Water Schemes | 10,47,549 | 13,21,787 | 23,69,336 | 13,60,276 | - | 10,09,060 |
| 320200305- ആയുഷ് | 0 | 5,00,000 | 5,00,000 | 0 | - | 5,00,000 |
| 320200307- എം.പി ഫണ്ട് | 0 | 20,54,754 | 20,54,754 | 20,04,218 | - | 50,536 |
| 320200399-ബി.പി.സി.എൽ സി.എസ്.ആർ ഫണ്ട് | 0 | 5,99,451 | 5,99,451 | 5,99,451 | - | 0 |

<u>കുറിപ്പ്</u>

എ) വികസനഫണ്ട് -ജനറൽ-

₹1,51,23,569+₹24,50,431(ജി.ഒ പ്രോജക്ട്) - ₹1,25,000/- (ക്യൂ ബിൽ-പ്രോജക്ട്.നം 262/23) =I-6

ജി.ഒ പ്രോജക്ട് - (ലൈഫ് ജനറൽ - ₹10,48,831/- + അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം-₹14,01,600/-)

ബി)എസ്.സി.പി ഫണ്ട്-

₹48,09,860 + ₹8,84,569 (ജി.ഒ പ്രോജക്ട്)-₹1,71,564/- (ക്യൂ ബിൽ -പ്രോജക്ട്.നം 115/23) = I-6

സി)സംരക്ഷണഗ്രാന്റ്-റോഡ്

₹85,67,778 -₹1,63,558 (ക്യൂ ബിൽ-പ്രോജക്ട്.നം 31/23) = I-6

ഡി)ധനകാര്യകമ്മീഷൻ ഗ്രാന്റ്

1)ഷെഡ്യൂൾ ബി-4 ബാലൻസും ബി-17 &RP 40 B ബാലൻസും തമ്മിൽ ₹13,916/- യുടെ വ്യത്യാസം ഉണ്ട്.

രേഖകൾ പരിശോധിച്ച് വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2) മുൻ ഓഡിറ്റ് റിപ്പോർട്ടും മുൻ വാർഷിക കണക്കും പ്രകാരം ടൈഡ് ഗ്രാന്റ് ബാങ്ക് ബാലൻസ് ₹18,73,074/- ആയിരുന്നതിനാൽ – ₹41041/- ബേസിക് ഗ്രാന്റിലും ₹19,14,115/- ടൈഡ് ഗ്രാന്റിലും ഉൾപ്പെടുത്തി നീക്കിയിരുപ്പ് ക്രമപ്പെടുത്തിയിട്ടുണ്ട്.

3)ടൈഡ് ഗ്രാന്റ്-

ക്യാപിറ്റൽ കോൺട്രിബ്യൂഷൻ (₹33,69,009) +₹346180 (ചെലവ്) =₹37,15,189/-(ആകെ ചെലവ്)

4) ബേസിക് ഗ്രാന്റ് വരവിൽ പലിശകൂടി (₹2,05,914/-) ഉൾപ്പെടുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ(₹) | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ്(₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 232 | 11,66,45,476 | 151 | 6,24,43,532 | 72 | 9 | 65.08% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ്(₹) | വരവ്(₹) | ആകെ(₹) | ചെലവ്(₹) | നീക്കിയിരുപ്പ്(₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 5,09,321 | 5,09,321 | 508,698 | 623 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | - | 59,67,634 | 59,67,634 | 59,67,634 | - |
| ആകെ | 0 | 64,76,955 | 64,76,955 | 64,76,332 | 623 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 32,23,400.00 | 240 |
| വിധവാപെൻഷൻ | 1,42,57,800.00 | 1175 |
| വാർദ്ധക്യകാല പെൻഷൻ | 2,41,42,200.00 | 1995 |
| വികലാംഗപെൻഷൻ | 35,35,200.00 | 295 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായ മായ വനിതകൾക്കുള്ള ധനസഹായം | 414,400.00 | 26 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.09.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 5,121/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ജനറൽ മിനിട്സ്, ധനകാര്യ കമ്മറ്റി മിനിട്സ്, അജണ്ട, ഹാജർ മറ്റ് രേഖകൾ ശരിയായി പരിപാലിക്കുന്നുണ്ട്. യോഗ തീരുമാനങ്ങളും, ചർച്ചയുടെ വിവരങ്ങളും രേഖപ്പെടുത്തുന്നുണ്ട്. സ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്സുകളും തൃപ്തികരമായ രീതിയിലാണ് കൈകാര്യം ചെയ്യുന്നത്. ഓഡിറ്റുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ സൂക്ഷിക്കേണ്ട മിക്ക രജിസ്റ്ററുകളും ഫയലുകളും ശരിയായ രീതിയിൽ സൂക്ഷിച്ചുവരുന്നുണ്ട്. എന്നാൽ ചുവടെ സൂചിപ്പിക്കുന്ന രേഖകൾ കൂടി കൃത്യമാക്കേണ്ടതാണ്.

1. ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ ഡാറ്റാ ശേഖരിച്ച് കാലികമാക്കേണ്ടതാണ്.

2. തൊഴിൽ നികുതി രജിസ്റ്റർ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി ഇൻഡക്സ് സഹിതം സൂക്ഷിക്കേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.10.2020 | 03/2020 മുതൽ 08/2020 വരെ | 27.10.20 |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.05.22-13.06.22 | 2017-18 മുതൽ 2021-22വരെ | 16.07.22 |

## 1-11 തനതു വരുമാനം - അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

പുതിയ തനതുവരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയോ അവ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തതായി കാണുന്നില്ല. നിലവിലുള്ള തനതുവരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ടെങ്കിലും അവ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിയതായി കാണുന്നില്ല.

കാര്യക്ഷമമായ ബജറ്റ് നിയന്ത്രണ സംവിധാനമുള്ളതായി കാണുന്നില്ല. ഓരോ മാസവും നിർവ്വഹണോദ്യോഗസ്ഥരുടെ റിവ്യൂ മീറ്റിംഗ് നടത്തുകയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആയതിന്റെ ക്രോഡീകരിച്ച റിപ്പോർട്ട്, ഭരണസമിതിയിൽ ബജറ്റും വാർഷിക റിപ്പോർട്ടും കൂടി ചേർത്ത് വച്ച് ചർച്ച ചെയ്ത് പോരായ്മകൾ മനസ്സിലാക്കി തീരുമാനങ്ങൾ കൈക്കൊള്ളുവാൻ ശ്രദ്ധിക്കുന്നതും ഉചിതമായിരിക്കും.

വസ്തുനികുതി

കെട്ടിട നമ്പർ നൽകിയതിന് ശേഷം ഉപയോഗക്രമത്തിലും തറവിസ്തീർണ്ണത്തിലും മാറ്റം വരുത്തിയിട്ടുണ്ടോയെന്ന് പഞ്ചായത്ത് യഥാസമയം പരിശോധിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതുമാണ്.

തൊഴിൽ നികുതി

മുൻവർഷങ്ങളിൽ തൊഴിൽനികുതി അടച്ചുകൊണ്ടിരിക്കുന്നവരിൽ നിന്ന് മാത്രം തൊഴിൽ നികുതി ഈടാക്കുന്ന സംവിധാനം മാറ്റി വാർഡ് തലത്തിൽ വിശദമായ അന്വേഷണം നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ ബേസ് തയ്യാറാക്കി തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. ചട്ടം 10 പ്രകാരമുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഡാറ്റാ ബേസിനുള്ള വിവരശേഖരണത്തിനായി കുടുംബശ്രീ പോലുള്ള സംഘടനകളുടെ സഹായം തേടാവുന്നതാണ്.

മറ്റ് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് ഹാജരാക്കുന്ന മുറയ്ക്ക് മാത്രം നികുതിയിളവ് കൊടുക്കാവുന്നതാണ്. ഓൺലൈൻ വ്യാപാരം തൊഴിൽനികുതിയുടെ പരിധിയിൽ കൊണ്ടുവരാൻ വേണ്ട നിയമനടപടികൾ സ്വീകരിക്കാവുന്നതാണ്.

തൊഴിൽനികുതി രജിസ്റ്റർ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഡി.സി.ബി വിവരങ്ങൾ രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ലൈസൻസ്

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി അതനുസരിച്ച് ഡിമാന്റ് ചെയ്ത് ലൈസൻസ് ഫീസ് ഈടാക്കിയാൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്താവുന്നതാണ്.

സഞ്ചയ അസസ്സ്മെൻ്റ് ലിസ്റ്റ് പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളിലെല്ലാം സ്ഥല പരിശോധന നടത്തി അനധികൃത വ്യാപാരങ്ങൾ നടത്തുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

ലൈസൻസ് അപേക്ഷകളിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തി സ്വീകരിക്കേണ്ടതാണ്.

വസ്തു നികുതി ഇനത്തിൽ തനത് വർഷം 11.06 ലക്ഷം രൂപ കുടിശ്ശികയുണ്ട്. നികുതികൾ അതത് വർഷം തന്നെ പിരിച്ചെടുക്കേണ്ടതാണ്.

സഞ്ചയ പ്രകാരം, പാർപ്പിടാവശ്യമെന്ന ഉപയോഗക്രമത്തിലുൾപ്പെടാത്ത 2399 എണ്ണം കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 520 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിരിക്കുന്നത്. ഇതിൽ നിന്നും 1879 സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ, പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നത് വ്യക്തമാണ്. ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ കാലികമാക്കി, അതനുസരിച്ച് ഡിമാന്റ് ചെയ്ത് ലൈസൻസ് ഫീസ് ഈടാക്കിയാൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്താവുന്നതാണ്. ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ കാലികമാക്കുന്നതിനായി വാർഡ് മെമ്പർമാരുടേയോ കുടുംബശ്രീ പോലുള്ള സംഘടനകളുടേയോ സഹായം തേടുന്നത് ഉചിതമായിരിക്കും. ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ കാലികമാക്കി, അതനുസരിച്ച് ഡിമാന്റ് ചെയ്ത് ലൈസൻസ് ഫീസ് ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സഞ്ചയ അസസ്സ്മെൻ്റ് ലിസ്റ്റ് പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളിലെല്ലാം സ്ഥല പരിശോധന നടത്തി അനധികൃത വ്യാപാരങ്ങൾ നടത്തുന്നുണ്ടോയെന്ന് പരിശോധിക്കാവുന്നതാണ്. ലൈസൻസ് അപേക്ഷകളിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തി സ്വീകരിക്കേണ്ടതാണ്.

തനത് ഫണ്ട് തുകയായി ബാങ്കിൽ പലിശയില്ലാതെ ഏതാണ്ട് 5 കോടി രൂപ നിക്ഷേപം കിടക്കുന്നു. ഇതിൽ ആവശ്യത്തിൽ അധികം തുക സ്ഥിര നിക്ഷേപം ആക്കി മാറ്റാവുന്നതാണ്.

ഒത്തിരി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുണ്ട് (ഖണ്ഡിക. 1-12 കാണുക) ഇതൊന്നും വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണ്.

1-12 തൊഴിൽനികുതി ഈടാക്കിയിട്ടില്ല- _

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1)എ(i), (ii) പ്രകാരം ഓരോ അർദ്ധവർഷവും 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. താഴെപ്പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ, ലൈസൻസ് ലഭിക്കുന്നതിന് സ്ഥാപനം തന്നെ നൽകിയിട്ടുള്ള വിവരങ്ങൾ പ്രകാരം, രണ്ടോ അതിലധികമോ പേർ തൊഴിലെടുക്കുന്നതായി കാണുന്നു. എന്നാൽ ഇവരിൽ നിന്നും 2022-23 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനം |
|---|---|---|
| 1. | 6/22-23 | മരിയ ട്രേഡേഴ്സ് |
| 2. | 1/22-23 | മൂപ്പൻസ് എനർജി സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്. |
| 3. | 2/22-23 | ആലുവ മോട്ടോർസ് |
| 4. | 3/22-23 | ഫോക്കസ് വൈറ്റ് കെമിക്കൽസ് |

| | | |
|---|---|---|
| 5. | 14/22-23 | കളമശ്ശേരി ഫില്ലിംഗ് സ്റ്റേഷൻ |
| 6. | 9/22-23 | ഇൻഡോറിയം ഏജൻസീസ് |
| 7. | 16/22-23 | വേർച്ച് ഡവലപ്പേഴ്സ് |
| 8. | 18/22-23 | കോസ്റ്റ് ലൈൻ ഗാരേജസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് |
| 9. | 19/22-23 | ഇവിഎം ഓട്ടോമോട്ടീവ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് |
| 10 | 23/22-23 | ഡൈനമിക് ടെക്നോ മെഡിക്കൽസ് |
| 11. | 24/22-23 | വെബ്കോട്ട് |
| 12. | 25/22-23 | പ്രീമിയർ ടിംബേഴ്സ് |
| 13 | 28/22-23 | പ്രീമിയർ റബർവുഡ് |
| 14 | 31/22-23 | മെറി ടൈം ക്രീം ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ് |
| 15 | 37/22-23 | എ.കെ. പ്ലാസ്റ്റിക്സ് |
| 16 | 54/22-23 | ഓട്ടോമാറ്റിക്ക് കാർ സ്പാ |
| 17 | 55/22-23 | പരിപാലന റിഹാബിലിറ്റേഷൻ സെന്റർ |
| 18 | 56/22-23 | ഊക്കൻ ബിൽഡേഴ്സ് & ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് |
| 19 | 58/22-23 | ഡിലാർക്ക് ആർക്കിടെക്ട്സ് & ഇന്റീരിയേഴ്സ് |
| 20 | 61/22-23 | ത്രീത്വം കെയർ |
| 21 | 63/22-23 | പാറയ്ക്കൽ ലോജിസ്റ്റിക്സ് |
| 22 | 65/22-23 | വിഷൻ മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് |
| 23 | 238/22-23 | അബുദാബി മോട്ടോഴ്സ് |
| 24 | 239/22-23 | എ.വി. അസോസിയേറ്റ്സ് |
| 25 | 240/22-23 | അമൃതം ഫുഡ് സപ്ലിമെന്റ് |
| 26 | 247/22-23 | അബ്ദിയാസ് ഹെൽത്ത് കെയർ എൽഎൽപി |
| 27 | 260/22-23 | അർബാൻ ലോക്കോമോട്ട് റോയൽ എൻഫീൽഡ് |
| 28 | 268/22-23 | സെയ്ഫ് അസോസിയേറ്റ്സ് ഫെസിലിറ്റി മാനേജ്മെന്റ് |
| 29 | 273/22-23 | കസ്റ്റമർ ഫസ്റ്റ് പ്രഷ്യസ് മെറ്റൽസ് പ്രൈവറ്റ് ലിമിറ്റഡ് |
| 30 | 287/22-23 | ഒട്ടോർക്സ് |
| 31 | 288/22-23 | സ്പാൻ മാർക്കറ്റിംഗ് |
| 32 | 330/22-23 | കാർ സൂത്തർ, കാർ ഡിടെയ്ലിംഗ് & ടെക്നിക്കൽ സ്റ്റുഡിയോ |
| 33 | 140/22-23 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് |
| 34 | 141/22-23 | റിലയൻസ് റീടെയിൽ ലിമിറ്റഡ് |
| 35 | 142/22-23 | റിലയൻസ് പ്രോജക്ട് ആൻറ് പ്രോപ്പർട്ടി മാനേജ്മെൻറ് സർവീസസ് ലിമിറ്റഡ് |
| 36 | 145/22-23 | വെള്ളർ കോടത്ത് ഓട്ടോമൊബൈൽസ് |
| 37 | 153/22-23 | ശ്രീടാൻസ് വെയ്സ് ലോജിസ്റ്റിക്ക്സ് പ്രൈവറ്റ് ലിമിറ്റഡ് |
| 38 | 154/22-23 | സുൽത്താൻ വീട് (ഒലീവ്) |
| 39 | 155/22-23 | എ.എസ്. ട്രേഡിംഗ് കമ്പനി |
| 40 | 182/22-23 | ഗ്ലോബ്ടെക് എന്റർ പ്രൈസസ് |
| 41 | 186/22-23 | പോപ്പുലർ മോട്ടോർ കോർപ്പറേഷൻ |
| 42 | | പെരിയാർ മോട്ടോഴ്സ്, എൽ.എൽ.പി, ചൂർണ്ണിക്കര, രണ്ടാം അർദ്ധവർഷം |

മേൽപ്പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരങ്ങൾ രേഖാമൂലം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2. സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, പ്രോജക്ട് അസിസ്റ്റന്റ്, സാക്ഷരത പ്രേരക് മാർ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻവ്യാപാരികൾ, പാലിയേറ്റീവ് കെയർ നഴ്സ് എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റ് ലഭ്യമാക്കേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകളോടനുബന്ധിച്ച് എൻക്വയറി (നം.20/15.09.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-13 തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു

1.താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നതായി കാണുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| I ഷെയർ മൈക്രോഫിൻ ലിമിറ്റഡ് | | | | |
|---|---|---|---|---|
| പേര് | ശമ്പളം (₹) | ഈടാക്കിയത്/ രസീത് നം./അർദ്ധവർഷം | ഈടാക്കേണ്ടത് | കുറവ് |
| 1.ശ്രീമതി. ദീപിക ടി, ഫീൽഡ് ക്രഡിറ്റ് അസിസ്റ്റന്റ് | 60,000 | 450 രസീത് നം.1220303156 തീ. ഒന്നാം അർദ്ധവർഷം | 600 | 150 |
| 2. ശ്രീമതി. സുജിഷ, ഫീൽഡ് ക്രഡിറ്റ് അസിസ്റ്റന്റ് | 60,000 | 300 രസീത് നം.1220303156 തീ. ഒന്നാം അർദ്ധവർഷം | 600 | 300 |
| 3. ശ്രീമതി. ഹഷൈബ പി, | 57,000 | 300 | 450 | 150 |

2. ജീവനക്കാരുടെ അടിസ്ഥാന ശമ്പളം രേഖപ്പെടുത്താതെ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നു.

ഉദാ -പി.എച്ച്.സി. ചൂർണ്ണിക്കര

അടിസ്ഥാന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃതമായാണോ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നതെന്ന് പരിശോധിച്ച്, ഉചിതമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ഈ അപാകതകളോടനുബന്ധിച്ച് എൻക്വയറി (നം.2/14.09.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-14 മൊബൈൽ ടവർ - വസ്തുനികുതി ഈടാക്കേണ്ടതാണ്.

സഞ്ചയസോഫ്റ്റ് വെയർ രേഖകൾ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശികയായി നിലനിൽക്കുന്നു. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം./ ഉടമയുടെ പേര് | കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|
| 1 | 15/333 ഭാരതി ഇൻഫ്രാടെക് ലിമിറ്റഡ് | 2021-22(ഒന്നാം അർദ്ധവർഷം &രണ്ടാം അർദ്ധവർഷം) | 1050 X 2 |
| | | 2022-23 (ഒന്നാം അർദ്ധവർഷം &രണ്ടാം അർദ്ധവർഷം) | 1050 X 2 |

മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഈ അപാകതയോടനനുബന്ധിച്ച് എൻക്വയറി (നം.21/15.09.23)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-15 ലൈസൻസ് - അപാകതകൾ

സഞ്ചയ പ്രകാരം, പാർപ്പിടാവശ്യമെന്ന ഉപയോഗക്രമത്തിലുൾപ്പെടാത്ത 2399 എണ്ണം കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 520 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിരിക്കുന്നത്. ഇതിൽ നിന്നും 1879 സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ, പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നത് വ്യക്തമാണ്. ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ കാലികമാക്കി, അതനുസരിച്ച് ഡിമാന്റ് ചെയ്ത് ലൈസൻസ് ഫീസ് ഈടാക്കിയാൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ കാലികമാക്കുന്നതിനായി വാർഡ് മെമ്പർമാരുടേയോ കുടുംബശ്രീ പോലുള്ള സംഘടനകളുടേയോ സഹായം തേടുന്നത് ഉചിതമായിരിക്കും. ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ കാലികമാക്കി, അതനുസരിച്ച് ഡിമാന്റ് ചെയ്ത് ലൈസൻസ് ഫീസ് ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സഞ്ചയ അസസ്മെന്റ് ലിസ്റ്റ് പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളിലെല്ലാം സ്ഥല പരിശോധന നടത്തി അനധികൃത വ്യാപാരങ്ങൾ

നടത്തുന്നുണ്ടോയെന്ന് പരിശോധിക്കാവുന്നതാണ്. ലൈസൻസ് അപേക്ഷകളിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തി സ്വീകരിക്കേണ്ടതാണ്. തനതുവരുമാനത്തിന്റെ പ്രധാന ഉറവിടങ്ങളിലൊന്നാണ് ലൈസൻസ് ഫീസ് എന്നതിനാൽ മേൽപ്പറഞ്ഞിരിക്കുന്ന അപാകതകളിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മേൽപ്പറഞ്ഞ അപാകതയോടനുബന്ധിച്ച് എൻക്വയറി (നം.22/15.09.23)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1-16 ഉപയോഗക്രമം മാറ്റി വസ്തുനികുതി ഈടാക്കി-

പഞ്ചായത്തിന്റെ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൻ പ്രകാരം, താഴെപ്പറയുന്ന വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയിരിക്കുന്നത് "പാർപ്പിടം" എന്ന തെറ്റായ ഉപയോഗക്രമമനുസരിച്ചാണ്. വിശദീകരണത്തിനായി എൻക്വയറി(നം.24/16.09.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| കെട്ടിട നം./ ഉടമയുടെ പേര്/ | ലൈസൻസ് നം. | ഈടാക്കിയ വസ്തുനികുതി നിരക്ക് |
|---|---|---|
| 1/19E മുതൽ L വരെ | 213/22-23 | 6 |
| 3/344 | 280/22-23 | 6 |
| 4/22 | 254/22-23 | 6 |
| 4/20 | 276/22-23 | 6 |
| 4/9 | 321/22-23 | 6 |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വാണിജ്യ കെട്ടിടങ്ങളെ "പാർപ്പിടം" എന്ന ഉപയോഗക്രമത്തിൽ നിന്നും വാണിജ്യമെന്ന ഉപയോഗക്രമത്തിലാക്കി ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന, വാണിജ്യ ഉപയോഗക്രമത്തിലുള്ള നിരക്കിൽ വസ്തുനികുതി പുനർ നിർണ്ണയിച്ച്, ഈ ഉപയോഗക്രമത്തിന്റെ പ്രാബല്യ കാലയളവ് മുതൽ ഈടാക്കേണ്ടതായിരുന്ന വസ്തുനികുതി തുക കുടിശ്ശികയായി ഈടാക്കി, പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. ഇതുപോലെ മറ്റേതെങ്കിലും കെട്ടിടങ്ങൾ തെറ്റായ ഉപയോഗക്രമത്തിലുൾപ്പെട്ടിട്ടുണ്ടോയെന്ന പരിശോധിച്ച് ഉചിതമായ നടപടിയെടുക്കേണ്ടതാണ്.

1-17 പലിശയില്ലാതെ ബാങ്കിലെ നീക്കിയിരുപ്പ് - പലിശ നഷ്ടം

പഞ്ചായത്തിൽ തനത് അക്കൗണ്ടായി മൂന്ന് അക്കൗണ്ടുകളാണ് ഉള്ളത്. ₹4,93,08,873/- അക്കൗണ്ടിൽ പലിശയില്ലാതെ നീക്കിയിരുപ്പുണ്ട്. സ്ഥിരനിക്ഷേപമായി മാറ്റാത്തതിനാൽ ലക്ഷക്കണക്കിന് രൂപയാണ് പഞ്ചായത്തിന് ഓരോ വർഷവും നഷ്ടം വരുന്നത്. അത്യാവശ്യത്തിൽ അധികം കിടക്കുന്ന തുക സ്ഥിരനിക്ഷേപമായി മാറ്റേണ്ടതാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ബാങ്ക് (A/c No.) | തുക (31-3-23) |
|---|---|
| SBI ( 57027663568) | ₹3,99,18,216.00 |
| SBI (36892545963) | ₹52,85,624.00 |
| TSCB - 3697 | ₹41,05,033 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.17 തിയതി 15-09-2023 – ന് മറുപടി ലഭിച്ചില്ല.

1-18 കമ്പ്യൂട്ടറുകൾ ലഭ്യമായില്ല – തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 212/23, വെറ്റിനറി ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും |
| ഫണ്ട് | സംരക്ഷണ ഗ്രാന്റ് - റോഡിതരം |
| അടങ്കൽ | ₹99,000/- |
| ചെലവ് | ₹95,296/- |
| ബിൽ നം/തിയതി | 221113520014013 31852/14.03.2023 |
| നിർവ്വഹണോദ്യോഗസ്ഥ | വെറ്ററിനറി സർജ്ജൻ |

ടി പ്രോജക്ട് പ്രകാരം വെറ്റിനറി ഡിസ്പെൻസറിയിലേയ്ക്ക് ഒരു കമ്പ്യൂട്ടർ വാങ്ങുന്നതിന് കെൽട്രോണിൽ

നിന്നുള്ള പ്രഫോർമ ഇൻവോയ്സ് (നം.46143/16.02.2023) പ്രകാരം ₹60256/-യും മൾട്ടി ഫംഗ്ഷൻ പ്രിന്റർ വാങ്ങുന്നതിന് പ്രഫോർമ ഇൻവോയ്സ് (നം.46142/16.02.2023) പ്രകാരം ₹35040/-യും കൂടെ ആകെ ₹95296/- കെൽട്രോണിന് കൈമാറിയിട്ടുണ്ട്. എന്നാൽ ടി തുകക്കുള്ള സാധനങ്ങൾ സ്ഥാപനത്തിൽ ലഭ്യമായതായി കാണുന്നില്ല. തുക നൽകി നാളിതുവരെയായിട്ടും കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ലഭ്യമാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/14.09.2023 ന് ലഭ്യമാക്കിയ മറുപടിയിൽ കമ്പ്യൂട്ടറും മൾട്ടിഫംഗ്ഷൻ പ്രിന്ററും CPRCS സൈറ്റിൽ നിന്നും സെക്രട്ടറിയുടെ ലോഗിൻ മുഖേനയാണ് ഓർഡർ ചെയ്ത് വാങ്ങിയതെന്നും ടി സൈറ്റിൽ വർക്ക് ഓർഡർ Generate/approve ചെയ്തിരിക്കുന്നത് 23.08.2023 തീയതിയിൽ ആണെന്നുമാണ്. ആയതിനാൽ 2 മാസത്തിനുള്ളിൽ കമ്പ്യൂട്ടറും പ്രിന്ററും ലഭ്യമാകുമെന്നാണ് കെൽട്രോണിൽ നിന്ന് അറിയിച്ചിരിക്കുന്നത് എന്ന് അറിയിച്ചു. ആയവ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് എൻട്രി നടത്തി ബില്ലിന്റെ കോപ്പി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതു വരെ ₹95,296/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, ചൂർണിക്കര |
| പ്രോജക്ട് നം, പേര് | 211/23, സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം |
| അടങ്കൽ | ₹189000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹142900/- ബിൽ.നം- 162, തീയതി-16.01.23 |

ജി ഒ (ആർ ടി) നം 2307/2021/എൽ എസ് ജി ഡി തീയതി 18.11.2021 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം സാധാരണവിഹിതം, പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ് ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ് നൽകുന്നതിനും പ്രൊജക്ട് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. താഴെ കൊടുത്ത നിരക്കുകൾ പ്രകാരം ഫണ്ട് അനുവദിക്കുന്നതിനായി പ്രൊജക്ട് ഏറ്റെടുക്കുന്നതിന് ആദ്യ ഘട്ടത്തിൽ ഈ സംവിധാനം നടപ്പാക്കാൻ തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

| കെൽട്രോണിന് സർവ്വീസ് ചാർജ് | QR കോഡ് തുക(₹) | SMS തുക(₹) | ലാപ് ടോപ്പ് മറ്റുള്ളവ(₹) | ആകെ (₹) |
|---|---|---|---|---|
| 135700 | 12000.00 | 7200.00 | 50000.00 | 204900.00 |

ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിലുൾപ്പെടുത്തി കെൽട്രോണിന് സർവ്വീസ് ചാർജ് ഇനത്തിൽ ₹135700/-യും SMS തുക ഇനത്തിൽ ₹7200/- ഉൾപ്പെടെ ആകെ ₹142900/- നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരവും ലാപ്ടോപ്പ് ലഭ്യമായിട്ടുണ്ടോ എന്നും ട്രെയിനിംഗ്, സർവേ നടപടികൾ, എന്നിവ എത്രത്തോളം പൂർത്തിയായി എന്നും അറിയിക്കുവാനാവശ്യപ്പെട്ടതിന് (എൻക്വയറി-6/14.09.23) ക്യൂ ആർ കോഡ് സ്ഥാപിച്ച് വരുന്ന നടപടികൾ പുരോഗമിച്ച് വരികയാണെന്നറിയിച്ചു.

മാലിന്യരഹിത പരിസരം എന്ന ലക്ഷ്യത്തിലെത്തുന്നതിനായും മാലിന്യസംസ്കരണ ആസൂത്രണം മികച്ച രീതിയിൽ നടപ്പാക്കുന്നതിനായും ഹരിത കേരള മിഷനും ശുചിത്വ മിഷനും ചേർന്ന് വികസിപ്പിച്ച മൊബൈൽ ആപ്ലിക്കേഷനാണ് ഹരിതമിത്രം ആപ്പ്. ചൂർണ്ണിക്കര പഞ്ചായത്തിൽ ആയതിന്റെ പ്രവർത്തനം ആരംഭിച്ചത് മാർച്ച് 2023 മുതലാണ്. ആറ് മാസത്തിനുള്ളിൽ നടപ്പിലാക്കേണ്ട മേൽ പദ്ധതി പ്രവർത്തനങ്ങളുടെ രൂപരേഖ പ്രകാരം ആദ്യത്തെ രണ്ട് മാസത്തിനുള്ളിൽ സർവേ, ക്യൂ ആർ കോഡ് സ്ഥാപിക്കൽ, വിവര ശേഖരണം എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്. അടുത്ത രണ്ട് മാസങ്ങളിൽ ഹരിതസേനാംഗങ്ങളുടെ പ്രവർത്തനങ്ങളാണ് (പാഴ് വസ്തു ശേഖരണവും ശേഖരിച്ചവ MCF, RRF എന്നിവിടങ്ങളിൽ എത്തിക്കലും) നടത്തേണ്ടത്. ആവശ്യമായ തുടർനടപടി സ്വീകരിച്ച് പദ്ധതി വിജയകരമായി മുന്നോട്ട് കൊണ്ട് പോകൽ, കൃത്യമായ ആശയവിനിമയം നടത്തി വേണ്ട മാറ്റങ്ങളും സഹായങ്ങളും നൽകൽ എന്നിവയാണ് അവസാന രണ്ട് മാസങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ.

വാർഡ് തല മോണിട്ടറിംഗ് കൃത്യമായി നടത്തി പ്രായോഗിക ബുദ്ധിമുട്ടുകളും മറ്റ് അപാകതകളും

പരിഹരിക്കേണ്ടതും പ്രവർത്തന കലണ്ടർ പ്രകാരം പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് വിവരമറിയിക്കേണ്ടതുമാണ്.

1-20 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- കെ.എസ്.ഇ.ബി

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ താഴെപ്പറയുന്ന മൂന്ന് നിക്ഷേപ പ്രവൃത്തികളുടെ ഭാഗമായി കെ.എസ്.ഇ.ബി യ്ക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല (എൻക്വയറി-1/12.09.23)

എ)വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ

| | | |
|---|---|---|
| പ്രോജക്ട്.നം | 81/23 | |
| അടങ്കൽ | ആകെ അടങ്കൽ-₹8,50,000/-<br>₹104135/- -വികസന ഫണ്ട്<br>₹164831/- -ധനകാര്യകമ്മീഷൻ അവാർഡ്<br>₹581034/- തനത് ഫണ്ട് | |
| ചെലവ് | ആകെ ചെലവ്-₹6,59,187/-<br>₹104135/- -വികസന ഫണ്ട്<br>₹164831/- -ധനകാര്യകമ്മീഷൻ അവാർഡ്<br>₹390221/- -തനത് ഫണ്ട് | 1)ബിൽ.നം-216, തീ-15.02.23, തുക-₹1,04,135/-<br>2)ബിൽ.നം-212, തീ-14.02.23, തുക-₹1,64,831/-<br>3)വൗച്ചർ.നം- 22201468 തീ-07.03.23, തുക-₹79,367<br>4)വൗച്ചർ.നം- 22201470, തീ-20.03.23, തുക-₹2,60,854/-<br>5)₹50000/- - (NEFT, 29.03.23) |

ബി)വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ

| | | |
|---|---|---|
| പ്രോജക്ട്.നം | 85/23 | |
| അടങ്കൽ | (ആകെ അടങ്കൽ -₹2,15,000/-)<br>₹2,00,000/- -വികസന ഫണ്ട്<br>₹15,000/- -തനത് ഫണ്ട് | |
| ചെലവ് | (ആകെ ചെലവ്-₹1,99,702/-)<br>₹1,92,861/- -വികസന ഫണ്ട്<br>₹6,841/- -തനത് ഫണ്ട് | 1)ബിൽ.നം-131, തീ-26.12.22, തുക-₹1,09,866/-<br>2)ബിൽ.നം-145, തീ-06.01.23, തുക-₹8,136/-<br>3)ബിൽ.നം-217, തീ-15.02.23, തുക-₹45,430/-<br>4)ബിൽ.നം-323, തീ-24.03.23, തുക-₹29,429/-<br>5)വൌച്ചർ.നം- 22201600 ,തീ-30.03.23, തുക-₹6,841/- |

സി)എസ്.സി കോളനി പോസ്റ്റ് മാറ്റൽ, ലൈൻ ദീർഘിപ്പിക്കൽ

| | | |
|---|---|---|
| പ്രോജക്ട് നം | 206/23 | |
| അടങ്കൽ | ₹1,00,000/- (എസ്.സി.പി) | |
| ചെലവ് | ₹59,328/- | ബിൽ.നം-167 തീ-18.01.23 |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ മൂന്ന് പദ്ധതികൾക്കുമായി ആകെ ₹9,18,217/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20-1 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല (വാട്ടർ അതോറിറ്റി)

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ താഴെപ്പറയുന്ന രണ്ട് നിക്ഷേപ പ്രവൃത്തികളുടെ ഭാഗമായി വാട്ടർ അതോറിറ്റിയ്ക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല (എൻക്വയറി-1/12.09.23)

എ)കുടിവെള്ള വിതരണ പൈപ്പ് മാറ്റി സ്ഥാപിക്കലും ദീർഘിപ്പിക്കലും

| | |
|---|---|
| പ്രോജക്ട് നം | 133/23 (SO) |
| അടങ്കൽ | ₹20,00,000/-<br>നഗരസഞ്ചയ പദ്ധതി ഫണ്ട് |
| ചെലവ് | ₹1,02,800/- |

| | |
|---|---|
| | ചെക്ക്.നം- 131907,<br>തീ-23.03.23 (NEFT) |

ബി)കുടിവെള്ള വിതരണ പൈപ്പ് ലൈൻ വിപുലീകരിക്കൽ

| | |
|---|---|
| പ്രോജക്റ്റ് നം | 13/23 |
| അടങ്കൽ | ആകെ അടങ്കൽ-₹15,07,000/-<br>₹14,99,000/- -ധനകാര്യകമ്മീഷൻ അവാർഡ്<br>₹8000/- -തനത് ഫണ്ട് |
| ചെലവ് | ആകെ ചെലവ്-₹15,04,777/-<br>₹14,99,000/- -ധനകാര്യകമ്മീഷൻ അവാർഡ്<br>₹5,777/- -തനത് ഫണ്ട് |
| | 1)ബിൽ.നം-141, തീ-05.01.23, തുക-₹2,91,777/-<br>2)ബിൽ.നം-232, തീ-25.02.23, തുക-₹12,07,223/-<br>3)ചെക്ക്.നം-131904, തീ-21.03.23 (NEFT), തുക-₹5,777/- |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ രണ്ട് പദ്ധതികൾക്കുമായി ആകെ ₹16,07,577/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-21 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-എസ്.എസ്.എ

| | |
|---|---|
| പ്രോജക്റ്റ് നം | 79/23 |
| അടങ്കൽ | ₹3,22,441/- (വികസന ഫണ്ട്) |
| ചെലവ് | ₹3,22,441/- |
| | ബിൽ.നം-67 തീ-30.09.22 |

സെക്രട്ടറി നടപ്പാക്കിയ മേൽ പ്രോജക്റ്റ് മുഖേന ₹3,22,441/- പ്രവർത്തന ഫണ്ടിനത്തിൽ എസ്.എസ്.എ-യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയില്ല. (എൻക്വയറി-1/12.09.23) വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ₹3,22,441/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 നിക്ഷേപ പ്രവൃത്തിക്ക് ജി.എസ്.ടി, സെന്റേജ് ചാർജ് എന്നിവ നൽകിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം | 13/23, കുടിവെള്ള പൈപ്പ് ലൈനുകൾ വിപുലീകരിക്കൽ |
| അടങ്കൽ | ആകെ-₹15,07,000/-<br>₹14,99,000/- -ധനകാര്യകമ്മീഷൻ അവാർഡ്<br>₹8000/- -തനത് ഫണ്ട് |
| ചെലവ് | ആകെ-₹15,04,777/-<br>₹14,99,000/- -ധനകാര്യകമ്മീഷൻ അവാർഡ്<br>₹5,777/- -തനത് ഫണ്ട് |
| | 1)ബിൽ.നം-141, തീ-05.01.23, തുക-₹2,91,777/-<br>2)ബിൽ.നം-232, തീ-25.02.23, തുക-₹12,07,223/-<br>3)ചെക്ക്.നം- 131904, തീ-21.03.23 (NEFT), തുക-₹5,777/- |

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായുള്ള മേൽ പ്രോജക്റ്റ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് വർക്കിംഗ് ചാർജിനും മറ്റീരിയൽ കോസ്റ്റിനും ഒപ്പം ജി.എസ്.ടി, സെന്റേജ് ചാർജ് എന്നിവയും അടവാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംഗ് ചാർജ് | 730903.72 |
| മെറ്റീരിയൽ കോസ്റ്റ് | 190030.88 |
| ആകെ | 920934.60 |
| സെന്റേജ് ചാർജ് @11.02% | 101486.99 |
| റിസ്റ്റോറേഷൻ ചാർജ് | 17647.07 |
| പരസ്യചാർജ് | 7000.00 |
| ജി.എസ്.ടി @18% | 165768.23 |
| ആകെ (Rounded) | 1213000.00 |

എ) ജി.എസ്.ടി

വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിൽ ₹1,65,768/- ജി.എസ്.ടി ഇനത്തിൽ (@18%) ഈടാക്കിയതാണ്. ഗവൺമെന്റ് ഓഫ് ഇൻഡ്യ, മിനിസ്ട്രി ഓഫ് ഫൈനാൻസിന്റെ 28.06.17 ലെ നോട്ടിഫിക്കേഷൻ നമ്പർ 12/2017 (Central Tax Rate) Sl.no.5 Chapter 99 പ്രകാരം ( Services By A Government(central Government, State Government, Union Territory, Local Self Government) Or Goverment Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The

Constitution-tax Rate -Nil) പഞ്ചായത്തിന്റെ ചുമതലകൾ നിറവേറ്റുന്നതിനുള്ള സേവനങ്ങൾക്ക് ജി.എസ്.ടി നൽകേണ്ടതില്ല. എന്നാൽ കേരള വാട്ടർ അതോറിറ്റിയ്ക്ക് ₹1,65,768/- ജി.എസ്.ടി ആയി നൽകിയിട്ടുണ്ട്. സൂചിത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നികുതിയിനത്തിൽ അടവാക്കിയ തുക തിരികെ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് (എൻക്വയറി-5/14.09.23) വിവരം അറിയിയിക്കേണ്ടതാണ്.

സെന്റേജ് ചാർജ്

എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജും, എസ്റ്റിമേറ്റ്, പ്ലാൻ എന്നിവയും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജായി ഈടാക്കാമെങ്കിലും പി.ഡബ്ല്യു.ഡി. മാന്വൽ 1601.4 പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുവാൻ പാടുള്ളതല്ല. പി.ഡബ്ല്യു.ഡി. മാന്വൽ കേരള വാട്ടർ അതോറിറ്റിക്കും ബാധകമാണ് എന്നതിനാൽ 10% സെന്റേജ് ചാർജാണ് തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാവുന്നത്. എന്നാൽ മേൽ നിക്ഷേപപ്രവൃത്തിക്ക് 11.02% നിരക്കിൽ ₹1,01,486/- സെന്റേജ് ചാർജായി നല്കിയിട്ടുണ്ട്. ഇപ്രകാരം സെന്റേജ് ചാർജ് അധികം നൽകിയതിന് വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-5) മറുപടി ലഭ്യമാക്കിയില്ല. ടി ഇനത്തിൽ അധികം നൽകിയ ₹9394/- (101486.99-92093.46) അതോറിറ്റിയിൽ തിരികെ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-23 തെരുവുവിളക്കുകൾ സ്ഥാപിക്കൽ-അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം, പേര് | 132/23(SO), തെരുവ് വിളക്ക് സ്ഥാപിക്കൽ |
| അടങ്കൽ | ₹600366/- (ബി.പി.സി.എൽ -സി.എസ്.ആർ ഫണ്ട്) |
| ചെലവ് | ₹599451/- (ചെക്ക്.നം-842192, തീ-01.08.22) |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ എൽ.ഇ.ഡി തെരുവു വിളക്കുകൾ സ്ഥാപിക്കുക എന്ന പദ്ധതിക്കായി ₹ 5,99,451/- തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ജി എസ് ടി ₹19,982/-,ആദായ നികുതി ₹9,991/- എന്നിവയുൾപ്പെടെ ₹6,29,424/-ആണ് ആകെ ബിൽതുക. യുണൈറ്റഡ് ഇലക്ട്രിക്കൽസ്, കൊല്ലം എന്ന സ്ഥാപനമാണ് ടെണ്ടർ മുഖേന പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത്. 35 Watt ന്റെ 360 മാന്വൽ ബൾബുകളും (@2576), 25 ഓട്ടോമാറ്റിക് ബൾബുകളും (@2869) വാങ്ങിയിട്ടുള്ളത്. ഇതിനായി ആകെ ചെലവായ ₹ 9,99,085/-ൽ ₹3,69,661/-മുൻ വർഷം അനുവദിച്ചിട്ടുള്ളതാണ്. ഇവയിൽ 369 എണ്ണം സ്ഥാപിച്ചതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായിട്ടുള്ള ന്യൂനതകൾ താഴെപ്പറയുന്നു.

1)ഗ്രാമപഞ്ചായത്തിലെ വഴിവിളക്കുകളുടെ ഇനം, എണ്ണം, സ്ഥാപിച്ചിട്ടുള്ള പോസ്റ്റുകൾ ഉൾപ്പെടുത്തി വാർഡ് തിരിച്ച് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും നിലവിലുണ്ടായിരുന്നതും പുതിയതായി വാങ്ങിയതുമായ വിളക്കുകളുടെ വേർതിരിച്ച വിവരം ലഭ്യമല്ല. സ്ഥാപിച്ച എൽ.ഇ.ഡി ലൈറ്റുകളുടെ തരം (മാന്വൽ, ഓട്ടോമാറ്റിക്) രേഖപ്പെടുത്തിയിട്ടില്ല. ഉത്തരവാദിത്തപ്പെട്ട ആരും തന്നെ രജിസ്റ്റർ പരിശോധിച്ച് സ്റ്റോക്ക് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2)സ്ഥാപിച്ച ലൈറ്റുകളുടെ ഇനവും എണ്ണവും തിരിച്ച സ്റ്റേറ്റ്മെന്റ് കരാർ സ്ഥാപനം ബില്ലിനോടൊപ്പം സമർപ്പിച്ചിട്ടില്ല. ആയതിനാൽ ഓട്ടോമാറ്റിക് ലൈറ്റുകളാണോ മാന്വൽ ലൈറ്റുകളാണോ സ്ഥാപിച്ചതെന്ന് വ്യക്തമാകുന്നില്ല.

3)ഓഡിറ്റിനായി ഹാജരാക്കിയ തെരുവ് വിളക്ക് രജിസ്റ്ററിലെ കണക്കുകളും ബന്ധപ്പെട്ട വാർഡംഗങ്ങളുടെ സാക്ഷ്യപ്പെടുത്തലുകളും (മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ പോസ്റ്റ് നമ്പർ സൂചിപ്പിച്ചിട്ടില്ല) തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ സ്ഥാപിച്ച ലൈറ്റുകളുടെ എണ്ണത്തിന്റെ കൃത്യത ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| വാർഡ് | രജിസ്റ്ററനുസരിച്ചുള്ള എൽ.ഇ.ഡി ബൾബുകളുടെ എണ്ണം | വാർഡംഗങ്ങളുടെ സാക്ഷ്യപ്പെടുത്തൽ | വ്യത്യാസം |
|---|---|---|---|
| 2 | 18 | 22 | 4 |
| 4 | 15 | 19 | 4 |
| 11 | 18 | 22 | 4 |

4)പ്രവൃത്തികൾക്ക് ഉപയോഗിക്കേണ്ട സാധന സാമഗ്രികൾ ISI നിലവാരത്തിലുള്ളവയായിരിക്കണമെന്ന് 15.9.11 ലെ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള 3055/ഡി.എ3/12 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. യുണൈറ്റഡ് ഇലക്ട്രിക്കൽസ് സപ്ലൈ ചെയ്തിട്ടുള്ള LED ബൾബുകളുടെ ബ്രാൻഡ് നെയിം, സ്പെസിഫിക്കേഷൻ എന്നിവ ഇൻവോയ്സ് ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. ബൾബുകളുടെ ഗുണനിലവാരത്തെ കുറിച്ച് 11ാം വാർഡ് മെമ്പർ പരാതിപ്പെട്ടതായി രേഖയുണ്ട്. (കത്ത്-18.01.23) ഭൂരിഭാഗം ബൾബുകളും തെളിയുന്നില്ല എന്നാണ് പരാതിയിൽ സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ പരാതിയിൻ മേൽ തുടരന്വേഷണം നടത്തിയതായി കാണുന്നില്ല. പരാതി രജിസ്റ്റർ *ഉപയോഗ ശൂന്യമായ തെരുവ് വിളക്കുകൾക്കുള്ള രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്, എന്നിവ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.*

5) 369 വിളക്കുകൾ സ്ഥാപിച്ചതായുള്ള കെ.എസ്.ഇ.ബി യിൽ നിന്നുള്ള ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്

ലഭ്യമാക്കിയിട്ടില്ല.
6) ആകെ വാങ്ങിയ വിളക്കുകളിൽ 369 എണ്ണമാണ് സ്ഥാപിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത്. അവശേഷിച്ച 16 (385-369) വിളക്കുകൾ സ്റ്റോക്കിൽ ചേർത്തിട്ടില്ല. ആയവ ഏത് തരമാണെന്നതും പിന്നീട് സ്ഥാപിച്ചിട്ടുണ്ടോയെന്നതും വ്യക്തമല്ല. കേടാവുന്നതിന് പകരമായി മാറ്റി ഇടുന്നതിന് യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം ചുമതലപ്പെടുത്തിയിട്ടുള്ള വ്യക്തി ടി ബൾബുകൾ കൈവശം സൂക്ഷിച്ചിട്ടുണ്ടെന്ന് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും (കത്ത് തീയതി-08.03.22) ആയവ സ്ഥാപിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.
വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-7/14.09.23) മറുപടിയായി അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. മറുപടി പരിഗണിച്ചുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.
എ) വാർഡ് നമ്പർ, കെ.എസ്.ഇ.ബി പോസ്റ്റിന്റെ ലൊക്കേഷൻ,പോസ്റ്റ് നമ്പർ, വാട്സ്, വിളക്കിന്റെ തരം, വാങ്ങിയ കാലയളവ് തുടങ്ങിയ പൂർണ വിവരങ്ങൾ ഉൾപ്പെടുത്തി തെരുവ് വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
ബി)തെരുവുവിളക്കുകളെ സംബന്ധിച്ചുള്ള പരാതികൾ രേഖപ്പെടുത്തുന്നതിന് പരാതി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും പരിഹരിച്ച പരാതിയുടെ വിവരം നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
15.09.2011 ലെ 3055/ഡ.എ.3/2011/ത.സ്വ.ഭ.വ പ്രകാരം KSEB യുടെ മേൽ നോട്ടത്തിൽ വാർഡ് മെമ്പറുടെ പരാതികളനുസരിച്ച് വിശദവിവരങ്ങൾ പരാതി രജിസ്റ്ററിൽ ചേർത്ത് പരിഹാര നടപടികൾ സ്വീകരിച്ചതിന് ശേഷം രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ പൂർണ്ണമാക്കേണ്ടതാണ്.അറ്റകുറ്റ പണികൾ നിർവ്വഹിക്കുമ്പോൾ പ്രവൃത്തിക്കായി ഉപയോഗിക്കുന്ന സാമഗ്രികൾ ISO നിലവാരമുള്ളതായിരിക്കണം. രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്.
സി)വാങ്ങി സ്ഥാപിച്ച തെരുവുവിളക്കുകളുടെ ഇനം, എണ്ണം എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി യുടെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കെ.എസ്.ഇ.ബി യിൽ നിന്നും 369 വിളക്കുകൾ സ്ഥാപിച്ചതായുള്ള ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
ഡി)പിന്നീട് സ്ഥാപിച്ചുവെന്നറിയിച്ചിട്ടുള്ള 16 വിളക്കുകളുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റും ലഭ്യമാക്കേണ്ടതാണ്.

### 1-24 മരുന്ന് പൂർണമായി ലഭ്യമായില്ല-തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം, പേര് | 150/23, ഹോമിയോ ക്ലിനിക്കിലേയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹400000/- (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | ₹400000/- |
| ബിൽ നം/തീയതി | 74/07.10.2022 |

ഹോമിയോ ക്ലിനിക്കിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നതിന് പ്രഫോർമ ഇൻവോയ്സ് നം-PF 452/29.09.2022 പ്രകാരം 4 ലക്ഷം രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ടാക്സ് ഇൻവോയ്സ് നം.LF-582/20.07.2023 പ്രകാരം ആകെ ₹1,05,564/-ക്കുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായതായി കാണുന്നത്. ബാക്കി ₹2,94,436/-യുടെ മരുന്നുകൾ ഓഡിറ്റ് തീയതിയിലും ലഭ്യമായിട്ടില്ല (എൻക്വയറി-17/15.09.23) മരുന്ന് ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ₹2,94,436/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-25 പി.എച്ച്.സി.യിലേക്ക് മരുന്നു പൂർണ്ണമായി ലഭിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

പി. എച്ച്. സി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ താഴെ സൂചിപ്പിക്കുന്ന പദ്ധതികളിൽ മരുന്നുകൾ പൂർണ്ണമായി പി. എച്ച്. സിയിൽ ലഭിച്ചിട്ടില്ല.

1.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പി. എച്ച്. സി.യിലേക്ക് മരുന്നു വാങ്ങൽ |
| പ്രോജക്ട് നമ്പർ | S0118/23 |
| അടങ്കൽ | ₹6,00,000/- |
| ചെലവ് | ₹6,00,000/- |
| ടി.ആർ.എൻ നം./തിയതി/തുക | 22111300000007890/07.01.2023/₹ 6,00,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| പ്രൊഫോമ ഇൻവോയ്സ് നം./തുക | PRF 2893 / 12.12.2022 (₹ 6,00,000/-) |

പ്രസ്തുത പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ, മേൽ പ്രൊഫോമ ഇൻവോയ്സ് പ്രകാരം മെഡിക്കൽ സർവീസസ് കോർപറേഷന് നൽകിയിരിക്കുന്ന ₹6,00,000/- യിൽ, താഴെ പറയുന്ന ഇൻവോയ്സുകളിലായി ₹4,33,458/-യുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ക്രമ നം. | ഇൻവോയ്സ് നം./തിയതി | തുക(₹) |
|---|---|---|
| 1. | 23752 / 23.1.23 | 1,10,880.00 |
| 2. | 28273 / 30.3.23 | 24,640.00 |
| 3 | 277 / 4.4.23 | 49,302.00 |
| 4 | 1099 / 19.4.23 | 5,549.00 |
| 5 | 1210 / 25.4.23 | 68,901.00 |
| 6 | 2226 / 6.5.23 | 16,833.00 |
| 7 | 8590 / 10.6.23 | 39,537.00 |
| 8 | 11767 / 6.7.23 | 33,600.00 |
| 9 | 13028 / 15.7.23 | 1,784.00 |
| 10 | 14439 / 28.7.23 | 54,880.00 |
| 11 | 16045 / 16.8.23 | 27,552.00 |
| ആകെ | | 4,33,458.00 |

ബാക്കി ₹1,66,542/- യുടെ മരുന്നുകൾ ഓഡിറ്റ് തീയതിയിലും ലഭ്യമായിട്ടില്ല (എൻക്വയറി-3/14.09.23). മരുന്ന് ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ₹1,66,542/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാലിയെറ്റീവ് കെയർ |
| പ്രോജക്ട് നമ്പർ | S030/23 |
| അടങ്കൽ | ₹ 8,00,000/- |
| ചെലവ് | ₹ 6,77,693/- |
| ടി.ആർ.എൻ നം./തിയതി/തുക | 22111300000008816/08.02.2023/₹ 2,29,196/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| പ്രൊഫോമ ഇൻവോയ്സ് നം./തുക | PRF 3941/27.1.2023 /₹ 1,99,858/- |

പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പിന്റെ ഭാഗമായി പാലിയെറ്റീവ് പരിചരണം ലഭിക്കുന്ന രോഗികൾക്ക് മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപറേഷന് മേൽ പ്രൊഫോമ ഇൻവോയ്സ് പ്രകാരം ₹1,99,858/-നൽകിയിരുന്നു. ആയതിന്റെ ഫയൽ പരിശോധിച്ചതിൽ, താഴെ പറയുന്ന ഇൻവോയ്സുകളിലായി ₹1,07,190/- യുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ക്രമ നം. | ഇൻവോയ്സ് നം./തിയതി | തുക(₹) |
|---|---|---|
| 1. | 10138 / 21.6.23 | 690.00 |
| 2. | 8491 / 10.6.23 | 30,952.00 |
| 3 | 5905 / 25.5.23 | 18,599.00 |
| 4 | 9278 / 15.6.23 | 23,139.00 |
| 5 | 27178 / 20.3.23 | 11,399.00 |
| 6 | 28258 / 30.3.23 | 22,411.00 |
| ആകെ | | 1,07,190.00 |

ബാക്കി ₹92,668/-യുടെ മരുന്നുകൾ ഓഡിറ്റ് തീയതിയിലും ലഭ്യമായിട്ടില്ല (എൻക്വയറി-23/16.09.23). മരുന്ന് ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ₹92,668/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-26 പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല

2022-23 സാമ്പത്തിക വർഷം പൊതുടാപ്പുകളുടെ വെള്ളക്കരമായി 3/22 മുതൽ 12/22 വരെയുള്ള മാസങ്ങളിൽ ₹1,15,278/- പ്രതിമാസ നിരക്കിൽ ₹11,52,780/-യും 1/23, 2/23 എന്നീ മാസങ്ങളിൽ ₹2,89,967/- പ്രതിമാസ നിരക്കിൽ ₹5,79,934/-യും കൂടി ആകെ ₹17,32,714/- കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസ് പ്രകാരം 239 ടാപ്പുകളുടെ തുകയാണ് ഒടുക്കുന്നത്. പൊതുടാപ്പുകളുടെ വെള്ളക്കരം സംബന്ധിച്ച് ഉപയോഗയോഗ്യമായ ടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിനായി പഞ്ചായത്ത്, വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത

പരിശോധന നടത്തിയിട്ടില്ല. 25.09.2021 ലെ കമ്മിറ്റി തീരുമാനം 1 പ്രകാരം ഒഴിവാക്കേണ്ട പൊതുടാപ്പുകളുടെ ലിസ്റ്റ് / വിവരം വാർഡ് മെമ്പർമാരിൽ നിന്നും ലഭ്യമാക്കണം എന്നുള്ളതിന് നടപടി സ്വീകരിച്ചിട്ടില്ല. കൂടാതെ 21.06.2023 ലെ കമ്മിറ്റി തീരുമാനം 1/8 പ്രകാരം പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ഉപയോഗശൂന്യമായവ നീക്കം ചെയ്യണം എന്ന തീരുമാനത്തിന് ഓഡിറ്റ് തീയതി വരെ നടപടി സ്വീകരിച്ചിട്ടില്ല. കേരള ജല അതോറിറ്റിയിൽ നിന്ന് 15.03.2023 ൽ ലഭിച്ച PHS II/RTI/20-21 നമ്പർ വിവരാവകാശ ചോദ്യത്തിനുള്ള മറുപടിയിൽ പഞ്ചായത്തിന്റെ 18 വാർഡുകളിലായി ആകെ 137 പൊതുടാപ്പുകൾ മാത്രമാണ് ഉള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് 14.09.2023 ന് ഓഡിറ്റ് എൻക്വയറി നം 4 നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ അടിയന്തിരമായി തിട്ടപ്പെടുത്തേണ്ടതാണ്. ആകെ ടാപ്പുകൾ, ജലം ലഭ്യമാക്കുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണ്. ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നുള്ളൂവെന്ന് ഉറപ്പാക്കാൻ എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-27 മഴക്കാലപൂർവ്വശുചീകരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല -ചെലവ് തടസ്സപ്പെടുത്തുന്നു

മഴക്കാലപൂർവ്വ ശുചീകരണത്തിനായി വാർഡ് തല സാനിറ്റേഷൻ കമ്മിറ്റികൾക്ക് മുൻകൂറായി നൽകിയ തുകയുടെ ചെലവ് രേഖകൾ വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. താഴെപ്പറയും പ്രകാരമുള്ള തുകകളാണ് 18 വാർഡ് തല സാനിറ്റേഷൻ കമ്മിറ്റികളുടെ അക്കൗണ്ടിലേക്ക് നൽകിയത്

| ചെക്ക് നം. | തിയതി | തുക |
|---|---|---|
| 522703 | 22.4.21 | ₹ 1,80,000/- |
| 522703 | 22.4.21 | ₹ 1,80,000/- |
| | ആകെ | ₹ 3,60,000/- |

ചെലവ് രേഖകൾ ലഭ്യമാക്കി മുൻകൂർ തുകകൾ ക്രമീകരിക്കേണ്ടതും രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. രേഖകൾ ഹാജരാക്കുന്നതു വരെ ₹3,60,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 പഞ്ചായത്ത് സ്ഥലത്ത് സ്വകാര്യ വ്യക്തിക്കായി വീട് വെച്ച് നൽകുന്നു.

| | |
|---|---|
| പ്രോജക്ട് നം | SO0056/23 |
| ഭരണാനുമതി | 1 (11) Dtd 8-9-21 |
| പ്രവൃത്തി | ഭവന സമുച്ചയം നിർമ്മാണം ഒന്നാം ഘട്ടം |
| കരാറുകാരൻ | ശ്രീ. കെ. എ. കുഞ്ഞുമോൻ |
| എഗ്രിമെന്റ് | 44/AE/c/21-22 Dtd 14-2-22 |
| എം ബുക്ക് | 143/22-23, |
| എസ്റ്റിമേറ്റ് | ₹6,00,000/- |
| ആകെ പ്രവൃത്തി | Bill No. 99, 8-11-22 RS. 5,51,371 |
| T S | 80749/21-22 Dtd 3-2-22 |

മേൽ പ്രവൃത്തി മുൻ വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തിയതും (പ്രോജക്ട് നം.252/22) നടപ്പിലാക്കാത്തതിനാൽ ഈ വർഷം സ്പിൽ ഓവർ ആയി പൂർത്തിയാക്കിയതുമാണ്. മേൽ പ്രവൃത്തിക്ക് ഈ പഞ്ചായത്തിന്റെ കൈവശമുള്ള 10 സെന്റ് ഭൂമിയിൽ 2 സെന്റ് വീതം ഭൂമിയിൽ ഭവന രഹിതർക്കായി വീട് വെച്ച് നൽകുന്നതിന്റെ ഭാഗമായി ടി സ്ഥലത്ത് ആദ്യഘട്ട നടപടിയായി ഒരു വീട് വെച്ച് നൽകുകയാണ് പ്രവൃത്തി. ഇതിനായി 420 M2 വിസ്തൃതിയിൽ ഒരു വീടിന്റെ മേൽക്കൂര വരെ നിർമ്മിക്കുന്ന പ്രവൃത്തിയാണ് ഈ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം റൂഫ് വരെ വരെയുള്ള പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബില്ല് നൽകിയിട്ടുണ്ട്. തനത് ഫണ്ട് ഉപയോഗിച്ചാണ് ഈ പ്രവൃത്തി

ചെയ്തിരിക്കുന്നത്.

ഇതിന്റെ പൂർത്തീകരണ പ്രവൃത്തി ഈ വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തിയെങ്കിലും (പ്രോജക്ട് നം. S0063/23) പൂർത്തീകരിച്ചിട്ടില്ല. ഇതിന്റെ ആകെ എസ്റ്റിമേറ്റ് തുക ₹6,00,000/-യാണ് . ഈ പ്രവൃത്തിയുടെ എഗ്രിമെന്റ് വെച്ചെങ്കിലും പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല.

ഓഡിറ്റ് പരാമർശങ്ങൾ

1. പഞ്ചായത്ത് വക സ്ഥലത്ത് വ്യക്തികൾക്ക് വീട് വെച്ച് നൽകുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

2. ഈ വീട് പണിക്കായി ₹12,00,000/-യുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ഒരു വീട് പണിത് നൽകുന്നതിന് ഇത്രയും തുക ചെലവാക്കുന്നതിന് വിശദീകരണവും നൽകേണ്ടതാണ്.

3. വീടും സ്ഥലവും ഉൾപ്പെടെയാണോ നൽകുന്നത് എന്നതിനും വ്യക്തതയില്ല.

4. ലൈഫ് സ്കീമിൽ ഉൾപ്പെടുത്തിയാൽ പോലും ₹4,00,000/- മാത്രമേ നൽകാവൂ എന്നിരിക്കേയാണ് ഈ വീട് പണിക്കായി ₹12,00,000/-യടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നു. കൂടാതെ ഇതിന്റെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ഒന്നും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 420 M2 വീട് പണിയുന്നതിന് ഏതാണ്ട് ₹15,00,000/- വരെ പഞ്ചായത്തിന് ചെലവ് വരുന്നു. 420 M2 വീട് പണിയുന്നതിന് ഏതാണ്ട് ₹8,00,000/-ക്ക് പൂർത്തിയാക്കാവുന്നതാണ് എന്നിരിക്കേയാണ് ഇത്രയും രൂപ ചെലവഴിക്കുന്നത്.

5. ഈ വീട് ആർക്കാണ് നൽകുന്നത് സംബന്ധിച്ചുള്ള രേഖകൾ ഒന്നും ലഭ്യമല്ല.

ഈ പ്രവൃത്തിക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് നം.14, തീയതി 14-9-23 – ന് മറുപടിയിൽ എസ്റ്റിമേറ്റിൽ GST – 18% ഉൾപ്പെടെയുള്ള നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നാണ്. മേൽ അപാകതകളിന്മേൽ വിശദമായ അന്വേഷണം ആവശ്യമാണ്.

1-29 അമ്പാട്ടുകാവ് തുരങ്കപാത- നാളിതുവരെയായിട്ടും നിർമ്മാണം നടന്നില്ല.

ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് XIII -ാം വാർഡിലെ അമ്പാട്ട് കാവ് പ്രദേശത്ത് ആലുവ കളമശ്ശേരി റെയിൽവേ ലൈൻ കടന്നു പോകുന്നതിനാൽ അമ്പാട്ടുകാവ് കിഴക്ക് ഭാഗം, കുന്നത്തേരി, വിടാക്കുഴ എന്നീ പ്രദേശങ്ങളിലെ ജനങ്ങൾക്ക് നാഷണൽ ഹൈവേയിൽ എത്തിചേരുന്നതിന് അമ്പാട്ട് കാവ് റെയിൽവേ ലൈൻ ക്രോസ് ചെയ്യേണ്ടതായി വരുന്നു. ഇതിന് പരിഹാരം കാണുന്നതിനായി ഇവിടെ റെയിൽവേ ലൈനിന് അടിയിൽ അണ്ടർബ്രിഡ്ജ് പണിയുന്നതിനുള്ള ആവശ്യകത റെയിൽവേ വകുപ്പിനെ പഞ്ചായത്ത് അറിയിക്കുകയും ഇതിന് പഞ്ചായത്തിന്റെ ചെലവിൽ അണ്ടർ ബ്രിഡ്ജ് പണിയുന്നതിനുള്ള അനുമതി റെയിൽവേ അതോറിറ്റിയിൽ നിന്ന് ലഭിക്കുകയും ചെയ്തു. ഇതിനായി 28/7/2006 – ൽ റെയിവേയുടെ V/w/351/91 കത്ത് പ്രകാരം ടി ഭാഗത്ത് ഒരു സബ് വേ (RCC Box Size 3.00 X 2.70) നിർമ്മാണത്തിന് 90 ലക്ഷം രൂപയുടെ Approximate Estimate തയ്യാറാക്കി റെയിൽവേ പഞ്ചായത്തിന് നൽകുകയും ചെയ്തു. ഇതിനായി ₹1,80,000/- സെന്റേജ് ചാർജ് നല്കി. സെന്റേജ് ചാർജ് അടച്ചതിനു ശേഷം 23/7/2008 – ൽ V/w/351 ഉത്തരവ് പ്രകാരം അണ്ടർ ബ്രിഡ്ജ് പ്രവൃത്തിക്കാവശ്യമായ ₹93,68,500/-യുടെ എസ്റ്റിമേറ്റ് തയ്യാറാക്കി റെയിൽവേ വകുപ്പ് ഗ്രാമപഞ്ചായത്തിനെ ഏൽപ്പിച്ചു.

റെയിൽവേയുടെ 30-8-2010 – ലെ V/w/351 - കത്തിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ചെയ്യുന്നതിന് റെയിൽവേ ടെണ്ടർ ചെയ്തപ്പോൾ ₹1,66,83,000/-ക്കാണ് ടെണ്ടർ വിളിച്ചത് എന്നും ആയതിനാൽ ആ തുക മുഴുവൻ അടക്കാൻ റെയിൽവേ ആവശ്യപ്പെടുകയും ചെയ്തു.

പിന്നീട് റെയിൽവേയുടെ 10-08-2011 – ലെ V/w/351 - കത്തിൽ റെയിൽവേ താഴെ പറയും പ്രകാരം 1,25,15,955/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പഞ്ചായത്തിന് നൽകിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| Estimate Cost Of Work | ₹72,33,912.00 |

| | |
|---|---|
| Department Charge | ₹18,08,478.00 |
| Cost Of Hiring Charge | ₹1,00,000.00 |
| Operational Charge | ₹4,80,000.00 |
| One Time Maitanance Charge | ₹21,70,174.00 |
| One Time Inspection Charge | ₹7,23,391 |
| Total | ₹1,25,15,955.00 |

നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| പഞ്ചായത്ത് വിഹിതം | DD.No 952692/17.01.2007 | 1,80,000 | 67,80,000 |
| | DD.No 356573/24.03.2010 | 9,90,000 | |
| | DD.No 356573/24.03.2010 | 9,90,000 | |
| | DD No 356573/24.03.2010 | 9,90,000 | |
| | DD.No 356573/24.03.2010 | 9,90,000 | |
| | DD.No 356573/24.03.2010 | 9,90,000 | |
| | DD.No 356573/24.03.2010 | 9,90,000 | |
| | DD.No 356573/24.03.2010 SBT Thaikkattukara | 6,60,000 | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | അടവാക്കിയതിന്റെ വിശദാംശം ലഭ്യമായില്ല. | | 4,00,000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് നേരിട്ട് അടച്ചത്. | | 10,00,000 |
| എം.എൽഎ ഫണ്ട് | അടവാക്കിയതിന്റെ വിശദാംശം ലഭ്യമായില്ല. | | 30,00,000 |
| എം.പി.ഫണ്ട് | Cheque No. 088927/10-2-16 (Receipt- V/w/351/91 Dtd 16-2-16 Fron Southern Railway) | | 17,35,955 |
| ആകെ | | | 1,29,15,955 |

സതേൺ റെയിൽവേയുടെ 12-05-2014 , 13-05-2014- തീയതികളിലെ V/w/351 - കത്തുകളിൽ ഇതുവരെ ₹77,80,000/- ലഭിച്ചു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് കത്ത് നം V/w/351/91 Dtd 16-2-16 പ്രകാരം ₹17,35,955/-യും ലഭിച്ചതായി അറിയിച്ചിട്ടുണ്ട്. അതായത് എം.എൽ.എ ഫണ്ട് - ₹30,00,000/-യും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 4,00,000/- റെയിൽവേക്ക് ലഭിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

21-4-2015 – ലെ RA2/1637/14/DPO/EKM/MPLAD/INNT എന്ന കത്ത് പ്രകാരം ₹1,07,80,000/- റെയിൽവേക്ക് നൽകിയതായി പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ എം.എൽഎ ഫണ്ട് - ₹30,00,000/-യും ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹4,00,000/- യും എപ്രകാരം നൽകി എന്ന് വ്യക്തമല്ല. നാഷണൽ ഹൈവേ അതോറിറ്റിയുടെ NHA1/PD/Palakkad/NH47/KL-1/431 Dated 23.08.2013 കത്തിൽ മേൽ പദ്ധതിക്ക് അനുമതി നൽകാനാവില്ലെന്ന് അറിയിച്ചിട്ടുണ്ട്. സതേൺ റെയിൽവേയുടെ ഭാഗത്തു നിന്നും അനുകൂലമായ നടപടി ഇനിയും ഉണ്ടായിട്ടില്ല. ഏതാണ്ട് 16 വർഷങ്ങൾക്ക് മുമ്പ് നൽകിയ തുക ഈ പദ്ധതി നടപ്പിലാകാത്ത സാഹചര്യത്തിൽ തിരികെ ഇടാക്കുന്നതിനുള്ള ഒരു നടപടിയും പഞ്ചായത്ത് ഇതുവരെ സ്വീകരിച്ചിട്ടില്ല. മുൻകൂർ നൽകിയിട്ടുള്ള ₹1,29,15,955/- വിവരം ആസ്തിയായും ഇതിനായി മറ്റ് സ്ഥലങ്ങളിൽ നിന്ന് ലഭിച്ച തുകകൾ ബാധ്യതയായും പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ തുക ഈടാക്കുന്നതിലുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് നം 16 തീയതി 15-09-2023 – ന് മറുപടി ലഭ്യമായില്ല.

## 1-30 സംരക്ഷണഭിത്തി നിർമ്മാണം - പൊളിച്ചെടുത്ത കല്ലിന്റെ വിനിയോഗവിവരം ഉൾപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |

| | |
|---|---|
| പ്രവൃത്തി | മാരിയിൽ പൈപ്പ് ലൈൻ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം |
| പ്രൊജക്ട് നം | S00 5/23 |
| എസ്റ്റിമേറ്റ് | ₹7,00,000/- |
| കരാറുകാരൻ | ശ്രീ.നിഷാദ് പി എ |
| എം. ബുക്ക്. | 401/19-20 |
| ആകെ ചെലവ് | ₹5,79,815/- - 237, 28/2/23 |

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം കാലപ്പഴക്കം കാരണം തോടിന്റെ ചില സ്ഥലങ്ങളിൽ സംരക്ഷണഭിത്തി ഇടിഞ്ഞ് പോയിട്ടുള്ളതിനാൽ ആ ഭാഗത്തെ സംരക്ഷണഭിത്തി പുനർനിർമ്മിക്കുക എന്നതാണ് പ്രവൃത്തിയുടെ ലക്ഷ്യം.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം നിലവിലുള്ള സംരക്ഷണഭിത്തി 175 M നീളത്തിൽ 0.450 മീറ്റർ വീതിയിൽ 0.550 M ഉയരത്തിൽ (43.313എം3) മാത്രം പൊളിച്ചെടുക്കുകയും ആ കല്ല് ഉപയോഗിച്ച്(ഡിപ്പാർട്ട്മെന്റ് സ്റ്റോൺ) ഉപയോഗിച്ച് 168 M നീളത്തിൽ 0.70 മീറ്റർ വീതിയിൽ 0.30 M ഉയരത്തിൽ (35.28 M3) സംരക്ഷണഭിത്തി നർമ്മിക്കുകയും കൂടാതെ 182 M നീളത്തിൽ 0.550 മീറ്റർ വീതിയിൽ 0.12 M ഉയരത്തിൽ (115.5m3) DR പ്രകാരം സംരക്ഷണഭിത്തിയുടെ സൂപ്പർ സ്ട്രക്ച്ചർ നിർമ്മാണമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

എം ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തി ഡിപ്പാർട്ട്മെന്റ് സ്റ്റോൺ ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മാണത്തിന് 44.10 M3 X 1320/m3 = ₹58,212 /-യും ഡിപ്പാർട്ട്മെന്റ് സ്റ്റോൺ അല്ലാതെ സംരക്ഷണഭിത്തി നിർമ്മിച്ചതിന്115.968 M3 X 3025/m3 = ₹3,50,803/-യും നൽകിയിട്ടുണ്ട്.

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം തോടിന്റെ സംരക്ഷണഭിത്തി ഇടിഞ്ഞ സ്ഥലങ്ങളിൽ സംരക്ഷണഭിത്തി പുനർനിർമ്മിക്കുക എന്നതാണ് ചെയ്യേണ്ടിയിരുന്നത്. അതായത് നിലവിൽ നിർമ്മിക്കുന്ന സംരക്ഷണ ഭിത്തിയുടെ അതേ അളവിൽ അവിടെ സംരക്ഷണ ഭിത്തി ഉണ്ടായിരുന്നുവെന്നും അത് ഇടിഞ്ഞ് പോയത് പുനർനിർമ്മിക്കുകയാണെന്നും മനസ്സിലാകുന്നു. നിലവിൽ പുനർനിർമ്മിച്ച സംരക്ഷണഭിത്തി മുഴവൻ ഡിപ്പാർട്ട്മെന്റ് കല്ല് ആണോ ഉപയോഗിച്ചതെന്ന് അന്വേഷിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10 തീയതി.14-09-23 – ന് ലഭിച്ച മറുപടിയിൽ എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തി ചെയ്തത് എന്നും ലഭ്യമായ കല്ലുകൾ കണക്കാക്കിയാണ് പ്രവൃത്തി ചെയ്തത് എന്നും പറയുന്നു.

നിലവിലുണ്ടായ സംരക്ഷണഭിത്തി പൊളിഞ്ഞ് പോയ സ്ഥലത്താണ് പുതിയതായി സംരക്ഷണഭിത്തി നിർമ്മിച്ചിരിക്കുന്നത്. ആയതിനാൽ ലഭ്യമായ കല്ലുകളുടെ അളവ് സംബന്ധിച്ചുള്ള വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-31 റോഡ് പ്രവൃത്തികളിൽ നെയിം ബോർഡ് സ്ഥാപിക്കുന്നത്.

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 20-09-2022 - ലെ ഉത്തരവ് EE/General/22(A) ഉത്തരവിൽ റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ നെയിം ബോർഡ് സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്താവുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഇതിന്റെ ഒരു ഒബ്സർവഡ് ഡാറ്റയും ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എറണാകുളം ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ ഈ ഡാറ്റ പ്രകാരം നെയിം ബോർഡ് സ്ഥാപിക്കുന്ന നിരക്ക് ₹4,997.96/-യാണ്. ഡാറ്റ പ്രകാരമുള്ള നിരക്കാണ് എല്ലാ പ്രവൃത്തികൾക്കും നൽകിയിട്ടുള്ളത്. ഓരോ റോഡിന്റേയും കുറച്ച് ഭാഗം മാത്രമാണ് ഭൂരിപക്ഷം പ്രവൃത്തികളിലും മെയിന്റനൻസ് ചെയ്യുന്നത് ആയതിനാൽ ഓരോ റോഡുകളിലും ഒന്നിൽ കൂടുതൽ നെയിം ബോർഡ് സ്ഥാപിക്കുന്ന സ്ഥിതിയാണ് വരുന്നത്.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.11 തീയതി.14-09-23 – ന് ലഭിച്ച മറുപടിയിൽ EE – യുടെ ഉത്തരവ് പ്രകാരമാണ് റോഡുകൾക്ക് നെയിം ബോർഡ് സ്ഥാപിച്ചത് എന്നും തൻ

വർഷം ഒരു റോഡിനും ഒന്നിൽ കൂടുതൽ നെയിം ബോർഡുകൾ സ്ഥാപിച്ചിട്ടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്.

നെയിം ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഒന്നും ലഭ്യമല്ല. തൻവർഷം ഭൂരിപക്ഷം റോഡുകളും പൂർണ്ണമായി മെയിന്റനൻസ് ചെയ്തിട്ടില്ല എന്ന് കാണുന്നു. നെയിം ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള സ്രക്കാർ നിർദ്ദേശങ്ങളും ഉത്തരവുകളും ലഭ്യമല്ല. ആയതിനാൽ ഒരു ഒബ്സർവ്ഡ് ഡാറ്റ അനുസരിച്ച് തുക ചെലവാക്കിയതിന്റെ ആവശ്യകത വ്യക്തമാക്കേണ്ടതാണ്.

1-32 ടാറിംഗ് റോഡ് റീടാറിംഗ് ചെയ്യാതെ ടാറിംഗ് പൊളിച്ച് മാറ്റി കോൺക്രീറ്റിംഗ് ബ്രിക്സ് വിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല.

ഗ്രാമപഞ്ചായത്ത് തൻ വർഷം 64 പ്രോജക്കുകളിലായി 2.28 കോടി രൂപ മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളിൽ ഏതാണ്ട് 80% പ്രവൃത്തികളും നിലവിലുള്ള ടാറിംഗ് റോഡും കോൺക്രീറ്റിംഗ് റോഡും പൊളിച്ച് മാറ്റി കോൺക്രീറ്റിംഗ് കട്ട വിരിക്കുകയാണ് പ്രവൃത്തി. ടാറിംഗ് റോഡും കോൺക്രീറ്റിംഗ് റോഡും പൊളിച്ച് മാറ്റി കോൺക്രീറ്റിംഗ് കട്ട വിരിക്കേണ്ടതിന്റെ കാരണം വ്യക്തമല്ല.

റീടാറിംഗ് ചെയ്യുന്നതിന് ഒരു ചതുരശ്രമീറ്ററിന് ₹303.98/- മാത്രമാണ് ചെലവ് വരുന്നത് . (Tack Coat- 15.56/m2 , ടാറിംഗ് - 198.33/m2 , സീൽ കോട്ട് - 90.09/m2) എന്നാൽ കോൺക്രീറ്റിംഗ് കട്ട വിരിക്കുന്നതിന് ഒരു ചതുരശ്രമീറ്ററിന് ₹1305/- രൂപയിൽ അധികം വരുന്നു. (Sub Base With Graded Metall (Item 4.1.A.1) – 297.031/m2 (10 Cm Thickness), Interlocking Tile- 80 Mm - 1008.47/m2) അതായത് റീടാറിംഗ് ചെയ്യുന്നതിന്റെ നാല് ഇരട്ടി തുകയാണ് ചെലവ് വരുന്നത്.

ടാറിംഗ് റോഡിന്റെ 50% സ്ഥലവും 75 Mm കനത്തിൽ പെനട്രേഷൻ മെക്കാഡം ചെയ്താലും ഒരു ചതുരശ്രമീറ്ററിന് ₹498.46/-യാണ് വരുന്നത്. (75 Mm Penetration Machadam 388.96/m2, Tack Coat- 15.56/m2, ടാറിംഗ് - 198.33/m2, സീൽ കോട്ട് - 90.09/m2) അപ്പോഴും റീടാറിംഗ് ചെയ്യുന്നതിന്റെ 2.5 ഇരട്ടി തുകയാണ് ചെലവ് വരുന്നത് .

ടാറിംഗ് റോഡും കോൺക്രീറ്റിംഗ് റോഡും പൊളിച്ച് മാറ്റി കോൺക്രീറ്റിംഗ് കട്ട വിരിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12 തീയതി.14-09-2023 – ന് മറുപടി ലഭ്യമാക്കിയില്ല.

1-33 അധികം കമ്പി ഉപയോഗിച്ചത് അംഗീകരിക്കുന്നില്ല. എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്തിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം, പേര് | S0057/23, ജലസേചന തോട് (ഐരാർ തോട് നവീകരണം) |
| കരാറുകാരൻ | അനീർ സി എം |
| എം ബുക്ക് | 140/22-23 |
| എസ്റ്റിമേറ്റ് | ₹20,00,000/- |
| ആകെ പ്രവൃത്തി | ₹12,85,160/- |
| കരാറുകാരന് നൽകിയ തുക | ₹7,69,697/- (Bill No.44, 19/8/22), Ist Part Bill |
| എഗ്രിമെന്റ് | 50/AE/C/21-22 Dtd 8-3-22 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഐരാർ തോടിന്റെ കുറച്ച് ഭാഗം തോടിലേക്ക് ചേരുന്ന ഭാഗത്ത് ഡ്രെയിനേജ് ഇല്ലാതെയുള്ള അവസ്ഥയാണ്. അവിടെ ഡ്രെയിനേജ് നിർമ്മിച്ച് സ്ലാബ് ഇടുകയാണ് പ്രവൃത്തി. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 66 മീറ്റർ നീളത്തിൽ 2.4 മീറ്റർ വീതിയിൽ ഡ്രെയിനേജ് നിർമ്മിച്ച് അതിന്റെ മുകളിൽ സ്ലാബിടുകയാണ് പ്രവൃത്തിയുടെ ലക്ഷ്യം.

എസ്റ്റിമേറ്റിലെ ചില ഇനങ്ങൾ താഴെ കൊടുക്കുന്നു.

1. 4.2.5 - Side Wall CC 1:3:6 - 2 X 66 M X (0.45 + 0.25)/2 X 1.5 M = 69.3m3
2. 4.1.2 – Slab – RCC 1:1.5:3 - 132 X 0.50x 2.00 X .18 = 23.76
3. 5.22.6 – സ്ലാബിന്റെ കമ്പിയുടെ അളവ് - 132 X 0.50x 2.00 X .18 X 115 = 2732 Kg

മേൽ പ്രവർത്തികൾ എം ബുക്ക് പ്രകാരം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. 4.2.5 - Side Wall CC 1:3:6 -

2 X 2.6 X (0.70 + 0.40)/2 X 1.725(av.) = 4.93 M3

2 X 0.7 X (0.70 + 0.40)/2 X 2.025(av.) = 1.56 M3

2 X 15.70 X (0.70 + 0.40)/2 X 2.35(av.) = 40.584 M3

18.80 X (0.45 + 0.30)/2 X 1.5 = 10.575 M3

18.80 X (0..55 + 0.30)/2 X 1.5 = 11.985 M3

2. 4.1.2 – Slab – RCC 1:1.5:3

31 X 0.6 X 2.40 X 0.20 = 8.928m3

1 X 0.70 X 2.4 X 0.20 = 0.336 M3

2 X 2.4 X 0.60 X 0.18 = 0.518

28 X 2.00 X 0.60 X 0.18 = 6.048

Total - 16.310 M3

3. Item 5.22.6 – സ്ലാബിന്റെ കമ്പിയുടെ അളവ് -

Total - 2,673.62 Kg X 74/m3 = ₹1,97,847 /-

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു

1. 66 മീറ്റർ നീളത്തിൽ ഡ്രൈയിനേജ് പണിത് സ്ലാബിടുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കി എഗ്രിമെന്റ് വെച്ചിട്ടുള്ളത് എന്നാൽ 38.50 മീറ്റർ മാത്രമാണ് പൂർത്തിയാക്കിയത്. മാത്രമല്ല ₹20,00,000/-യുടെ എസ്റ്റിമേറ്റിൽ ₹12,85,160/- മാത്രമാണ് ചെലവായിട്ടുള്ളത്.

2. ഡ്രൈയിനേജിന്റെ സൈഡ് വാൾ പണിതിട്ടുള്ളത് എസ്റ്റിമേറ്റ് പ്രകാരമല്ല. എസ്റ്റിമേറ്റിനേക്കാൾ വളരെ അധികം വീതിയിൽ സൈഡ് വാൾ പണിതിരിക്കുന്നു. സൈഡ് വാളിന് എസ്റ്റിമേറ്റിന്റെ ഉയരമുണ്ടെങ്കിലും ഏതാണ്ട് 22 % അധികം കോൺക്രീറ്റിംഗ് ഉപയോഗിച്ചിരിക്കുന്നു. ഇതിനായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടില്ല. പ്രവൃത്തിയുടെ മറ്റ് വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

3. എസ്റ്റിമേറ്റ് പ്രകാരം ഡ്രൈയിനേജിന്റെ വീതി 2.4 മീറ്ററും (സൈഡ് വാൾ ഉൾപ്പെടെ) സ്ലാബിന്റെ വീതി 2.00 മീറ്ററും സ്ലാബിന്റെ കനം 0.18 മീറ്ററും ആണ്. എന്നാൽ എം ബുക്ക് പ്രകാരം കാനയുടെ വീതി 2.4 മീറ്റർ തന്നെയാണ് (സൈഡ് വാൾ ഉൾപ്പെടെ). എന്നാൽ സ്ലാബ് പണിതിട്ടുള്ളത് കുറച്ച് 2.00 മീറ്റർ വീതിയിലുമാണ്. അതുപോലെ എസ്റ്റിമേറ്റ് പ്രകാരം സ്ലാബിന്റെ കനം 0.18m ആണ്. എന്നാൽ എം ബുക്ക് പ്രകാരം സ്ലാബ് പണിതിട്ടുള്ളത് 0.20 മീറ്റർ കനത്തിലാണ്. പ്രസ്തുത പ്രവൃത്തി വിശദമായ അന്വേഷണത്തിന് വിധേയമാക്കേണ്ടതാണ്.

4. സ്ലാബിന് ആവശ്യമായ കമ്പിയുടെ അളവ് കണക്കാക്കിയത് 23.76 M3 X 115/kg = 2732 Kgഎന്ന രീതിയിലാണ്. എന്നാൽ എം ബുക്ക് പ്രകാരം കവറിംഗ് സ്ലാബ് പണിതത് 16.310 M3 ആണ്. ഇതിനായി 2673.62 കിലോ കമ്പി ഉപയോഗിച്ചിരിക്കുന്നു. അതായത് ഒരു എം3 – ന് 163.92 കിലോ കമ്പിയാണ് ഉപയോഗിച്ചിട്ടുള്ളത്. ഇത് വാഹനങ്ങൾ പോകുന്ന പാതയല്ല. ഇതിനായി പരമാവധി ഒരു എം3 – ന് 75 കിലോ കമ്പി മതിയാകും എന്നിരിക്കേയാണ് എസ്റ്റിമേറ്റിൽ 115 കിലോ കമ്പി നൽകിയതും എം ബുക്ക്

പ്രകാരം എം3 – ന് 163.92 കിലോ ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12, തീയതി.14-09-2023 – നുള്ള മറുപടിയിൽ

1. പല പുരയിട ഉടമകളും സ്വന്തം ചെലവിൽ ഈ തോട് വൃത്തിയാക്കാൻ തയ്യാറായതിനാലും തർക്കം നിലനിൽക്കുന്നതിനാലും മുഴുവൻ നീളം ചെയ്യാൻ കഴിഞ്ഞില്ല.

2. റോഡ് ലെവലിൽ നിന്ന് 0.25 മീറ്റർ താഴെയാണ് സ്ലാബ് വരുന്നത്. ആയതിനാൽ സ്ലാബിന്റെ മുകളിൽ വരാവുന്ന ഫില്ലിംഗ്, വാഹന സഞ്ചാരം എന്നിവ കണക്കിലെടുത്താണ് സൈഡ് വാൾ വീതി കൂട്ടിയത്. Excess Qty 25 % അധികരിക്കാത്തതിനാലാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതിരുന്നത്.

3. നാഷണൽ ഹൈവേയുടെ അതിരിനോട് ചേർന്ന് കിടക്കുന്ന തോട് റോഡിൽ നിന്ന് 0.25 മീറ്റർ താഴെയാണ് സ്ഥിതി ചെയ്യുന്നത് കൂടാതെ വാഹനങ്ങളുടെ സഞ്ചാരവും കണക്കിലെടുത്താണ് ഇത്രയും കമ്പി നൽകിയത് എന്നും സൂചിപ്പിച്ചിരിക്കുന്നു.

ഈ സ്ഥലം നേരിൽ കണ്ട് പരിശോധിച്ചതിൽ നാഷണൽ ഹൈവേയുടെ അതിരിനോട് ചേർന്ന് കിടക്കുന്ന ഡ്രെയിനേജ് ആണ്. ഇതെല്ലാം മണ്ണിട്ട് നികത്തിയ അവസ്ഥയിലാണ്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറഞ്ഞ പ്രകാരം ഐരാർ തോടിന്റെ കുറച്ച് ഭാഗം തോടിലേക്ക് ചേരുന്ന ഭാഗത്ത് ഡ്രെയിനേജില്ലാതെ കിടക്കുകയാണ് എന്നതും വ്യക്തമല്ല. ആയതിനാൽ നിലവിൽ ഇവിടെ ഡ്രെയിനേജുണ്ടായിരുന്നോ എന്ന് അന്വേഷിക്കേണ്ടതാണ്. ഈ ഡ്രെയിനേജ് മണ്ണിട്ട് മൂടിയതിനാൽ എസ്റ്റിമേറ്റിനേക്കാൾ അധികം അളവിൽ സ്ലാബ് പണിതതും സൈഡ് ഭിത്തി പണിതതും പരിശോധിക്കാൻ കഴിഞ്ഞില്ല. ഇതിന് നൽകിയ മറുപടിയും വ്യക്തമല്ല. അധികം കമ്പി ഉപയോഗിച്ചതിന് ലഭിച്ച മറുപടിയും അംഗീകരിക്കാനാകില്ല. ഇത് വാഹനം പോകുന്ന സ്ഥലമായി കാണുന്നില്ല. വിശദമായി അന്വേഷിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-34 റോഡ് ഫില്ലിംഗ് ആവശ്യകത വ്യക്തമല്ല.

1. നിലവിലെ ടാറിംഗ് റോഡോ കോൺക്രീറ്റിംഗ് റോഡോ പിന്നീട് കട്ട വിരിക്കുന്ന പ്രവൃത്തികളിലെല്ലാം ഈ റോഡ് മുഴുവൽ 10 Cm കനത്തിൽ ഉയർത്തുന്ന പ്രവൃത്തിയും ഉൾപ്പെടുത്തുന്നു. ഇതിനായി ഐറ്റം നം 4.1.A.1 Sub Base With Graded Metal ഉപയോഗിച്ച് ഫില്ലിംഗ് ചെയ്യുന്നതിനുള്ള നിരക്ക് 2970.31/m3 രൂപ പ്രകാരവും അല്ലെങ്കിൽ ക്വാറിമക്ക് ഉപയോഗിച്ച് ഫില്ലിംഗ് ചെയ്യുന്നതിനുള്ള നിരക്ക് 1639.87/m3 രൂപ പ്രകാരവും നൽകുന്നു. ക്വാറിമക്ക് ഉപയോഗിച്ച് ഫില്ലിംഗ് ചെയ്യാതെ ഐറ്റം നം 4.1.A.1 Sub Base With Graded Metal ഉപയോഗിച്ച് ഫില്ലിംഗ് ചെയ്യേണ്ടതിന്റെ ആവശ്യകതും വ്യക്തമല്ല. എല്ലാ റോഡുകളും മുഴുവൻ സ്ഥലവും ഇപ്രകാരം ഉയർത്തേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല.

കോൺക്രീറ്റിംഗ് കട്ട വിരിക്കുന്നതിന് ചെലവാകുന്ന ആകെ തുകയിൽ ഏതാണ്ട് 30 % രൂപയും റോഡ് ഉയർത്തുന്നതിനായാണ് ചെലവ് വരുന്നത്. ഇത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.15, തീയതി 14-09-23 – ന് ലഭ്യമാക്കിയ മറുപടിയിൽ വളരെ അധികം മോശമായതും വെള്ളക്കെട്ട് അനുഭവപ്പെടുന്നതും ഡ്രെയിനേജ് സൗകര്യം ലഭ്യമല്ലാത്തതുമായ റോഡുകളിലാണ് കോൺക്രീറ്റ് കട്ട വിരിച്ച് പ്രവൃത്തികൾ നടത്തുന്നത്. നിലവിലെ റോഡിലെ പ്രതലം ലെവൽ ചെയ്യുന്നതിനാണ് ഫില്ലിംഗ് ചെയ്യുന്നത് എന്നും പറയുന്നു.

എല്ലാ റോഡുകളും മുഴുവൻ സ്ഥലവും ഇപ്രകാരം ഉയർത്തേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല. ഇത് സംബന്ധിച്ച് അന്വേഷിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-35 ഓഡിറ്റ് ഇംപാക്റ്റ്

തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.02/14.09.2023) നൽകിയതിനെ തുടർന്ന് പഞ്ചായത്ത് ഫണ്ടിലേക്ക് തൊഴിൽ നികുതി ഒടുക്ക് വരുത്തിയതിന്റെ വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു

| ക്രമ നം. | സ്ഥാപനം | അടവാക്കിയ തുക(₹) | രസീത് നം./തീയതി |
|---|---|---|---|
| 1. | പെരിയാർ മോട്ടോഴ്സ്, എൽ.എൽ.പി, ചൂർണ്ണിക്കര, രണ്ടാം അർദ്ധവർഷം | 1950/- | 1230602040/16.09.2023 |
| 2. | ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ,എൻ, എച്ച്.എം, ഹോമിയോ. 1. ഷഹർബൻ എം.ആർ. | 120/- | 1230602039/16.09.2023 |
| | ആകെ | 2070/- | |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000 | ലൈഫ് ഭൂമി വാങ്ങൽ -ജനറൽ (119/23) | 200000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | 500000 | ലൈഫ് ഭവനനിർമ്മാണം -എസ്.സി.(91/23) | 500000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | 2000000 | ലൈഫ് ഭവനനിർമ്മാണം -ജനറൽ (90/23) | 2000000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | 700000 | ഭിന്നശേഷി സ്കോളർഷിപ്പ് (121/23) | 700000 | - |
| ആകെ | | 3400000 | | 3400000 | - |
| ജില്ലാ പഞ്ചായത്ത് | | 143840 | ഭിന്നശേഷി സ്കോളർഷിപ്പ് (121/23) | 143840 | - |
| ജില്ലാ പഞ്ചായത്ത് | | 250835 | ഭിന്നശേഷി സ്കോളർഷിപ്പ് | 250835 | - |

| | | | | | |
|---|---|---|---|---|---|
| | | | (147/23) | | |
| ആകെ | | 394675 | | 394675 | - |
| മുനിസിപ്പൽ കോർപ്പറേഷൻ | | 2085500 | ബയോ വേസ്റ്റ് ബിൻ (138/23) | 2085500 | - |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ / ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വൈദ്യുതി ബോർഡ് | 85/23 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 1)131/26.12.22 - 1,09,866<br>2)145/06.01.23– 8,136<br>3)217/15.02.23 - 45,430<br>4)323/24.03.23- 29,429<br>5)വൗച്ചർ.നം- 22201600, തീ-30.03.23, തുക-6,841 | 1,99,702 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 81/23 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 1)216/15.02.23 - 104135<br>2)212/14.02.23 - 164831<br>3)വൗച്ചർ.നം- 22201468, തീ-07.03.23, തുക-79,367<br>4)വൗച്ചർ.നം- 22201470, തീ-20.03.23, തുക-2,60,854 | 6,59,187 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | | ₹50,000/- (NEFT/29.03.23) | | | |
| | ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ (SC) 206/23 | 167/18.01.23 | 59,328 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| വാട്ടർ അതോറിറ്റി | കുടിവെള്ള വിതരണ പൈപ്പ് മാറ്റി സ്ഥാപിക്കലും ദീർഘിപ്പിക്കലും | ചെക്ക്.നം- 131907, തീ-23.03.23 (NEFT) | 102800 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള വിതരണ പൈപ്പ് ലൈൻ വിപുലീകരിക്കൽ | 1)ബിൽ.നം-141, തീ-05.01.23, തുക-2,91,777 2)ബിൽ.നം-232, തീ-25.02.23, തുക-12,07,223 3)ചെക്ക്.നം-131904, തീ-21.03.23 (NEFT), തുക-5,777 | 15,04,777 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

മേൽ തുകകൾ R&P സ്റ്റേറ്റ്മെന്റിൽ അഡ്വാൻസ് ഹെഡിൽ പെടുത്തിയിട്ടില്ല. എന്നാൽ ജേർണൽ വൌച്ചർ മുഖേന വാർഷികകണക്കിൽ ഉൾപ്പെടുത്തി ബി -18 ഷെഡ്യൂളിൽ നീക്കിയിരുപ്പായി കാണിച്ചിട്ടുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക(₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(₹) | തൻവർഷം തിരിച്ചടച്ച തുക(₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | | 1,29,49,692 | 98,69,692 | 19,33,400 | | 79,36,292 |

തിരിച്ചടവ് വിവരങ്ങൾ-(ജി.ഒ പ്രോജക്ട്)

ലൈഫ് ലോൺ (ജനറൽ)291/23- ₹5,24,415/-

ലൈഫ് ലോൺ (ജനറൽ)306/23- ₹5,24,416/-

ലൈഫ് ലോൺ (എസ്.സി)255/23-₹4,42,284/-

ലൈഫ് ലോൺ (എസ്.സി)307/23- ₹4,42,285/-

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹20000000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ | ₹954121 |
| ആകെ | ₹20954121 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹20954121 |

വാർഷികകണക്കിൽ ₹22212485/- തെറ്റായി ചേർത്തിട്ടുള്ളത് ഒഴിവാക്കി യഥാർത്ഥ കണക്കാണ് മേൽപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

₹കുറിപ്പ് : മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് ഖ-4.6, ഖ.1-2-1 എന്നിവ കാണുക.

അപാകതകൾ പരിഹരിച്ച് സ്ഥിരനിക്ഷേപ കണക്കുകൾ കൃത്യമാക്കി FD രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവ് ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-2002 | 2 (12) | 2006-07 | 3.39.1.2 | | പണി പൂർത്തീകരിച്ചു. |

| | | | | |
|---|---|---|---|---|
| | | | പഞ്ചായത്ത് ലൈബ്രറി ഹാൾ വികസനം | ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് 29/4/2014 ൽ എ1/3111/14 നമ്പറായി ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. |
| | | | ഇടവനപ്പാടം സാംസ്കാരിക നിലയം | റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| | മരാമത്ത് പണികൾക്കും, മറ്റും മുൻകൂർ തുക കൈപ്പറ്റിയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല | | തണ്ടിരിക്കൽ കാന പണി | പണി പൂർത്തീകരിച്ചു. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് 29/4/2014 ൽ എ1/3111/14 നമ്പറായി ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. |
| | | | വേഴ്കാട്ടിൽ ലൈൻ റോഡ് | പണി പൂർത്തീകരിച്ചു. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് 29/4/2014 ൽ എ1/3111/14 നമ്പറായി ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. |
| | | | മുണ്ടയത്ത് പറമ്പ് റോഡ് | റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| | | | ചേനക്കപ്പാടം റോഡ് പണി | പണി പൂർത്തീകരിച്ചു. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് 29/4/2014 ൽ എ1/3111/14 നമ്പറായി ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | ₹6,68,45,457 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹6,01,13,125 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹38,57,177 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 95,296 | ഡോ.മീര ബെൻ വക്കച്ചൻ, വെറ്ററിനറി സർജ്ജൻ |
| 1-20 | 9,18,217 | ശ്രീ.പി.കെ.മഹേഷ് കുമാർ, സെക്രട്ടറി |
| 1-20-1 | 16,07,577 | |
| 1-21 | 3,22,441 | |

| | | |
|---|---|---|
| 1-24 | 2,94,436 | |
| 1-25 | 2,59,210 | ഡോ. ഹന്നത്ത്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-27 | 3,60,000 | ശ്രീ.പി.കെ.മഹേഷ് കുമാർ, സെക്രട്ടറി |
| ആകെ | 38,57,177 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മഹേഷ് കുമാർ.പി.കെ, സെക്രട്ടറി | സെക്രട്ടറി, ചൂർണിക്കര ഗ്രാമപഞ്ചായത്ത് | പുത്തൻവീട്ടിൽ, കടുങ്ങല്ലൂർ (ഈസ്റ്റ്) യു.സി കോളേജ്, ആലുവ |
| ഡോ.മീര ബെൻ വക്കച്ചൻ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജ്ജൻ, ചൂർണ്ണിക്കര ആയുർവേദ ഡിസ്പെൻസറി | പുത്തൻ ചെക്കാലക്കൽ ഹൌസ്, എളമക്കര പി.ഒ, -682 026 |
| ഡോ. ഹന്നത്ത്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മനക്കക്കാട്ട് ഹൗസ്, ശാന്തിപുരം ഹൗസ് -64, വടവുകോട് കൗലാസ് കോളനി, തൃക്കാക്കര പി.ഒ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ-ഇ.കെ.എം (പി5) 947 (2)/19, 8.7.2019 |
| 1997-98 | കെ.എസ്.എ-ഇ.കെ.എം (പി5) 947 (3)/19, 8.7.2019 |
| 1998-99 | കെ.എസ്.എ-ഇ.കെ.എം (പി5) 947 (4)/19, 8.7.2019 |
| 1999-2000 | കെ.എസ്.എ-ഇ.കെ.എം (പി5) 947 (5)/19, 8.7.2019 |
| 2001-02 വരവ് | എൽ.എഫ്.ഇ (പി5) 890/06, 19.01.2007 |
| 2001-02 ചെലവ് | എൽ.എഫ്.ഇ (പി5) 752/05, 22.02.2006 |
| 2006-07 | എൽ.എഫ്.ഇ.(പി5) 471/09, 08.03.2010 |
| 2007-08 | എൽ.എഫ്.ഇ.(പി5) 1544/08,05.01.2009 |
| 2008-09 | എൽ.എഫ്.ഇ.(പി5) 112/11, 13.02.2012 |
| 2009-10 | എൽ.എഫ്.ഇ.(പി5) 114/11, 13.02.2012 |
| 2010-11 | എൽ.എഫ്.ഇ.(പി5) 2117/11, 13.02.2012 |
| 2011-12 | കെ.എസ്.എ-ഇ.കെ.എം (പി5) 686 (1)/18, 08.08.2018 |
| 2012-13 | കെ.എസ്.എ-ഇ.കെ.എം (പി5) 686 (2)/18, 08.08.2018 |
| 2013-14, 2014-15 | കെ.എസ്.എ-ഇ.കെ.എം (പി5) 686 (3)/18, 08.08.2018 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം (പി5)1848/16, 07.07.2018 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (പി5)1515/17, 25.07.2018 |

| | |
|---|---|
| 2017-18 | കെ.എസ്.എ-ഇ.കെ.എം (പി5) 1955/18, 06.07.2019 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം (പി5) 1178/19, 16.09.2019 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം(പി5-517/2021), 31/03/2021 |
| 2020-21 | കെ.എസ്.എ-ഇ.കെ.എം(പി5-1953/2021), 18.6.22 |
| 2021-22 | കെ.എസ്.എ-ഇ.കെ.എം(പി5-1604/22), 07.11.22 |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 12-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Choornikkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Choornikkara Grama Panchayat for the year 2022-2023

Date: 12/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Choornikkara Grama Panchayat for the Year 2022-2023.

**1.Major Observations**

1. Major observations

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2.Lack of Panchayath Raj Budget rules adversely affecting budgetary control system.

3.The Asset value shown in Balance Sheet is not traceable to Asset register Due to un supported design of existing asset register.

4.Non inclusion of Notes to accounts in Financial statements and non disclosure of material facts.

5.Generation of financial reports showing contradictory information due to non integration of Accounting software with other related softwares.

**2.Other Observations**

1.Gross surplus over expenditure is found wrongly calculated. The amount brought forward to Balance sheet is also wrong.

2. Common account head is used for different bank book ledgers .

3.Property Tax Demand Collection Balance in the Annual Financial Statement is not in tally with the D.C.B in Sanchaya Statements.

4.Deposit Register is not maintained.

5.Amount given as advance shown as expenditure.

6.Water charge of street taps are not fully accounted.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്